
സഹൃദയൻ

വാർഷികപ്പതിപ്പ്

1985 - '86

KARIKKAMPALLY
SZ 266



സഹൃദയാഹോസ്റ്റൽ - കാലങ്ങളിലൂടെ

☐ 1963–ൽ സ്ഥാപിതമായി

☐ വാർഡൻമാർ:

1. ഫാ. കുറിയാക്കോസ് ഏണേക്കാട്ട്
   സഹവാർഡൻമാർ:
   ഫാ. ജോസ് പുത്തൻകുട്ടപ്പിൽ
   ഫാ. തോമസ് മറ്റപ്പള്ളി
2. ഫാ. മാത്യു കാട്ടടി
   സഹവാർഡൻ:
   ഫാ. ജോസഫ് മാരൂർ
3. ഫാ. ചാവറ
   സഹവാർഡൻമാർ:
   ഫാ. ജോസഫ് മാരൂർ
   ഫാ. തോമസ് പന്നാപ്പാറ
   ഫാ. ആൻറണി കടവിൽ
4. ഫാ. ജോസഫ് മാരൂർ
   സഹവാർഡൻമാർ:
   ഫാ. ഫിലിപ്പ് വടക്കേക്കളം
5. ഫാ. ജോർജ്ജ് മടത്തിപ്പറമ്പിൽ
   സഹവാർഡൻമാർ:
   ഫാ. മാത്യു പുഞ്ചയിൽ
   ഫാ. ജോസ് കോട്ടയിൽ

☐ ഫാ. ജോർജ്ജ് മടത്തിപ്പറമ്പിൽ, ഫാ. ജോസ് കോട്ടയിൽ എന്നിവർ ഇപ്പോഴത്തെ വാർഡൻമാർ

☐ ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ശ്രീ പി. ജെ. ജോസഫ്, ശ്രീ സിബി മാത്യു ഐ. പി. എസ്. എന്നീ പ്രമുഖർ സഹൃദയാ ഹോസ്റ്റലിൻെറ സന്താനങ്ങളിൽ ചിലർ.

☐ സഹൃദയാഹോസ്റ്റൽ അതിൻെറ മഹത്തായ പാരമ്പര്യവുമായി ഇരുപത്തിമൂന്നാം വയസ്സിലേയ്ക്ക്.

മെസ്സ് മാനേജർ:
ടി. സി. തോമസ്
തൈപ്പറമ്പിൽ, തുരുത്തി



സമർപ്പണം

ബഹുമാനപ്പെട്ട പഞ്ചയിലച്ചനു്



Rev. Dr. Joseph Maroor
OUR PRINCIPAL

OUR WARDENS



Rev. Dr. George
Madathiparambil
(Also Bursar, Vice Principal and
[redacted] of S. B. College)



Rev. Fr. Jose Kottayil



Shaji Ramanalil
(Chief Editor)

Our sincere thanks to

Prof. Sukumar Azhikodu
Prof. S. Guptan Nair
Dr. George Onakkoor
Prof. A. E. Augustine
Prof. Scaria Zacharia
Sri Joseph Thomas Kanayamplackal
Srikumar Valiathan
Binu Thomas
and
Sandesanilayam Press

സഹൃദയനിൽ

ഇന്നത്തെ ചിന്താവിഷയം	—	ജോയിസ് ജോൺ	5
എക്സൽസിയർ	—	എഡിറ്റോറിയൽ	6
മാപ്പ്	—	ഭുവനേന്ദ്രൻ നായർ	8
മദ്യപാനം യുവാക്കളിൽ	—	കുറിയാക്കോസ് ജോൺ	9
എത്തുമോ എങ്കിൽ ചൊല്ല	—	രാജൻ എൻ. കെ.	12
സമൂഹവും യുവജനതയും	—	സിമ്പോസിയം	14
TV, TV, TV	—	സജി എബ്രഹാം	18
വനം നമുക്കു നഷ്ടപ്പെടുന്നു	—	ജയദീപ് എ. വി.	21
ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക്	—	പ്രൊഫ. സ്സുറിയാ സക്കറിയാ	22
സാമുദായികസംവരണം — മാറിയ സാഹചര്യത്തിൽ	—	ജോജി കുരുവിള	24
വിദ്യാർത്ഥിനികളും പ്രതികരിക്കുന്നു	—	ഇൻറർവ്യൂ	26
National Integration and Regionalism	—	Sri Joseph Thomas Kanayamplackal	28
Dragons in the Road	—	Prof. A. E. Augustine	30
ഞാൻ എന്റെ ദുഃഖം	—	രഞ്ജീഷ് ബി.	34
വാർത്തകൾ	—		35

വിടരുന്ന മൊട്ടുകൾ

ജാതി	—	ദീപക് ജോൺ മാത്യു I PDC	38
പാവമായിരുന്നു	—	സുരേഷ് ആർ. I PDC	38
ജീവിതവൃത്തി	—	ജോസി ജോസഫ് I PDC	39

Cover designed by — Aby J. Paul I DC

EDITORIAL BOARD

Chief Editor
SHAJI VARGHESE II D. C.

Asst. Editor
GEORGE SCARIA II D. C.

Art Directors
SHAJI V. SAM
BIJU PHILIP

Circulation Executive
ARUN P. KUNNIL

Sub Editors
SONY GEORGE III D. C.
ABY K. MATHEW II D. C.
MATHEWS P. JOHN I D. C.
MATHEW M. GEO II P. D. C.
RENJISH B. I P. D. C.

Advisors
Prof. T. J. MATHAI M. A.
Prof. K. A. GEORGE M. A.
Mr. JOHNY K. C.

Printed & Published by
Sahrudaya Hostel
Editorial Board
S. B. College, Changanacherry

ഇന്നത്തെ ചിന്താവിഷയം

ജോയിസ് ജോൺ III D C

ആധുനിക മനുഷ്യൻ ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കുന്നതിനുള്ള നിരന്തര ശ്രമത്തിലാണ്. ഇത്തരത്തിലുള്ള ജീവിത അന്വേഷണത്തിൽ ഒരു സാമൂഹിക നേതാവിന് അനുയോജ്യമായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

സമതുലനമായ ഒരു ജീവിതം അതിന്റെ പൂർണ്ണ അർത്ഥത്തിൽ ആസ്വാദ്യകരമാക്കികൊടുക്കുക, ആസ്വദിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം; ഈ ലോകജീവിതത്തിന് ശേഷം ഒരു ജീവിതമുണ്ടെങ്കിൽ അവിടെയും അദ്ദേഹത്തിന് ഇപ്രകാരം ജീവിക്കണം എന്നുണ്ടായിരുന്നു.

ഇത്തരത്തിലുള്ള ചിന്താഗതി മരണത്തിനു ശേഷമുള്ള നിഗൂഢരഹസ്യങ്ങളെപ്പറ്റിയുള്ള അന്വേഷണ പരമ്പരയിൽ അദ്ദേഹത്തെ കൊണ്ടെത്തിച്ചു. അദ്ദേഹത്തിന്റെ ശ്രമഫലമായി മരണാനന്തര ജീവിതം എന്താണ് എന്ന് കണ്ടറിയുന്നതിനായി സന്ദർശിക്കാനുള്ള ഒരു ഇടക്കാല വിസ കിട്ടി. ആദ്യമായി സ്വർഗ്ഗമാണ് സന്ദർശിച്ചത്. അവിടെ കാണാൻ കഴിഞ്ഞത്: രാപകൽ മനുഷ്യർ ദൈവത്തിന്റെ മഹത്വത്തെ പാടിസ്തുതിക്കുന്നു. ചിലർ ദൈവം കൊടുത്തിരിക്കുന്ന വലിയ പീഡകളുടെ മധ്യത്തിലും ദൈവത്തെ സ്തുതിക്കുന്നു! ഒരിക്കൽപോലും ദൈവത്തിന്റെ മുമ്പിൽ അടിയറപറയാത്ത മനുഷ്യരുടെ വിഷമതകളിൽ കണ്ണടയ്ക്കാൻ ശ്രമിക്കുന്ന അദ്ദേഹത്തിന് ഈ കാഴ്ച വളരെ അസഹനീയമായി തോന്നി. അദ്ദേഹം സ്വർഗ്ഗജീവിതത്തെ പഴിച്ചുകൊണ്ട് നരകത്തിന്റെ കവാടത്തിലേക്ക് നടന്നു നീങ്ങി. അവിടെ കാണാൻ കഴിഞ്ഞത് ലൂസിഫറിനോടൊപ്പം ജീവിതം ആസ്വദിക്കാൻ ശ്രമിക്കുന്ന മനുഷ്യർ. അവിടെ സന്തോഷത്തിന്റെ മാസ്മര ലഹരിയിൽ ദൈവം ഒന്നുമല്ല. സന്തോഷിക്കാനായി എല്ലാം എല്ലാം, മദ്യം, മയക്കുമരുന്നുകളും.....

ഇവിടെ ജീവിതം എത്ര സുഖകരം! ഇതിലപ്പുറം ഒരു സുഖമുണ്ടോ? അവിടെത്തന്നെ നിൽക്കാൻ തോന്നി. എന്നാൽ ഹ്രസ്വകാലവിസ ആയതിനാൽ അതിനുള്ള അനുമതി നിഷേധിക്കപ്പെട്ടു.

അതിനുശേഷം അത്തരത്തിലുള്ള ഒരു ജീവിതം തന്നെ അദ്ദേഹം നയിച്ചു. എന്നാൽ കാലചക്രങ്ങൾ നീങ്ങിയപ്പോൾ മരണം അദ്ദേഹത്തിന് നിത്യമായ വിസ നൽകി. വളരെ സന്തോഷത്തോടെയാണ് അദ്ദേഹം ഈ ഇഷ്ടമുഖീകരിച്ചത്. അദ്ദേഹത്തിന്റെ പ്രതീക്ഷപോലെ നിത്യമായി നരകത്തിൽ എത്താൻ കഴിഞ്ഞു. എന്നാൽ ഇപ്രാവശ്യം പഴയ കാഴ്ചകളും സന്തോഷങ്ങളുമെല്ലാം കെട്ടടങ്ങിയിരിക്കുന്നു. തീർത്തും വ്യത്യസ്തമായ ഒരവസ്ഥ. പിശാചുക്കൾ മനുഷ്യരെ നിരന്തരമായി പീഡിപ്പിക്കുന്നു. ചുട്ടു പഴുത്ത കമ്പിയുമായി പിശാചുക്കൾ പാഞ്ഞു നടക്കുന്നു. നിത്യമായ നിരാശ എങ്ങും തളംകെട്ടി നിൽക്കുന്നു. രോഷം ആളിക്കത്താൻ തുടങ്ങി. പിശാചിന്റെ വഞ്ചന ഇപ്പോഴാണ് നേരിട്ടറിയാൻ കഴിഞ്ഞത്. രോഷം കെട്ടടങ്ങിയപ്പോൾ ലൂസിഫറിനെ വിളിച്ചു ഇന്നനെ പറഞ്ഞു. ഈ വഞ്ചന വേണ്ടായിരുന്നുവെന്ന്. അദ്ദേഹം മറുപടി നൽകി. ഞങ്ങൾക്ക് തൽക്കാല സന്തോഷമേ നൽകാൻ കഴിയൂ എന്ന്.

യഥാർത്ഥത്തിൽ ഈ ജീവിതം ദൈവം നമുക്ക് നൽകിയിരിക്കുന്ന ഒരു ഹ്രസ്വകാല വിസയല്ലേ. ഇവിടെ ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കാൻ കഴിയാത്ത നാം സാത്താനാൽ വഞ്ചിക്കപ്പെടുന്നു. സാത്താൻ നൽകുന്ന തൽക്കാല സുഖത്തിൽ നാം ദൈവത്തെ വിസ്മരിക്കുന്നു. ദൈവം തന്നിരിക്കുന്ന ബുദ്ധിശക്തിയും, ചിന്താശക്തിയും, ദൃഢമാർഗ്ഗത്തിൽ ചലിപ്പിച്ച് ജീവിതം ആസ്വദിക്കുമ്പോൾ അതിന്റെ ക്ഷണികത നാം ചിന്തിക്കാറുണ്ടോ. അല്പം നേരം ദുഃഖം സഹിക്കാൻ കഴിയാതെ വരുമ്പോൾ മയക്കുമരുന്നിലും, മദ്യത്തിലും, അഭയം തേടുന്ന നാം തീർത്തും ഏകന്തരല്ലേ!

എക്സൽസിയർ

എസ്. ബി. കോളേജിൽ കലാരംഗത്തിന്റെ പിന്നോക്കാവസ്ഥയെക്കുറിച്ച് സഹൃദയന്റെ കഴിഞ്ഞ ലക്കങ്ങളിൽ പ്രതിപാദിച്ചിരുന്നല്ലോ! ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽനിന്നും കലാരംഗത്തിന്റെ വളർച്ചയ്ക്കുവേണ്ടി വളരെയെന്നും പ്രതീക്ഷിക്കേണ്ടതില്ലെങ്കിലും നമുക്ക് അധികം ബുദ്ധിമുട്ടു കൂടാതെ ക്രിയാത്മകമായി ചെയ്യാവുന്ന പലതും നമ്മുടെ ഈ കലാലയത്തിൽ ഉണ്ട്. അതിനെക്കുറിച്ച് നാം തികച്ചും ബോധവാന്മാരായിരിക്കണം.

ഒരു കലാലയത്തെ സംബന്ധിച്ചിടത്തോളം കലാരംഗത്ത് ഏറ്റവുമധികം പ്രാധാന്യം നല്കേണ്ടവയാണ് കോളേജ് മാഗസിനുകൾ. മൂവായിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു കലാലയത്തിൽ നിന്നും വർഷത്തിൽ ഒരിക്കൽമാത്രം പുറത്തിറങ്ങുന്ന മാഗസിൻ തീർച്ചയായും നിലവാരമുള്ളതായിരിക്കണം. (ഒരു കോളേജിനെ സംബന്ധിച്ചിടത്തോളം അതിന്റെ കലാരംഗത്തെ പ്രാവീണ്യം മുഴുവൻ വിളിച്ചറിയിക്കുന്ന ഒന്നാണ് മാഗസിൻ) നമ്മുടെ ഈ ചുറ്റുവട്ടത്തിൽ സ്ഥിതിചെയ്യുന്ന കലാലയങ്ങളിലെ മാഗസിനുകൾ ഒന്നു പരിശോധിച്ചാൽ അവയിൽ മിക്കതിനും കലാരംഗത്തുനിന്നും പലതും അവകാശപ്പെടുവാൻ സാധിക്കുന്നവയാണ്. എന്നാൽ വർഷങ്ങളുടെ നൂതനമായ പാരമ്പര്യം അവകാശപ്പെടുന്ന നമ്മുടെ എസ്. ബി. കോളേജിലെ കഴിഞ്ഞ ഏതാനും വർഷങ്ങളിലെ മാഗസിനുകൾ ഒന്നു പരിശോധിച്ചാൽ കലാരംഗം എന്ന ഒന്ന് നമ്മുടെ കലാലയത്തിൽ ഉണ്ടോ എന്ന് തീർച്ചയായും സംശയിച്ചുപോകും. ഉദാഹരണത്തിന്, കഴിഞ്ഞ ഏതാനും കൊല്ലത്തെ മാഗസിനുകളിൽ ഒരുയഥാർത്ഥ കലാസൃഷ്ടിയെന്ന് അവകാശപ്പെടുവാൻ സാധിക്കുന്ന ഒരു കൃതിയെങ്കിലും നമുക്ക് കാണുവാൻ സാധിക്കുമോ?

എന്താണിതിനു കാരണം, ബുദ്ധികമയി ഉയരുന്നതനുസരിച്ച് കലാവാസന ഇല്ലാതാവുകയാണോ. — തരതമ്യേന ഉയർന്ന മാർക്കുകൾ പഠിക്കുന്ന കലാലയമാണല്ലോ എസ്. ബി. കോളേജ്. ഇതും ഒരു കാരണമായി കാണാമെങ്കിൽ കൂടിയും മുഖ്യകാരണമായി ഒരിക്കലും ഇതിനെ ചിത്രീകരിച്ചുകൂടാ! മറിച്ച് നമ്മുടെ കലാരംഗത്തിനു നേതൃത്വം നല്കുന്ന ആർട്ട്സ് ക്ലബ് സെക്രട്ടറിയേയും, മാഗസിൻ എഡിറ്ററേയും തിരഞ്ഞെടുക്കുന്ന സമ്പ്രദായമാണ് ഈ അധഃപതനത്തിനു മുഖ്യകാരണമായി കാണേണ്ടത്. സംസ്കാരദർശങ്ങളുടെ കണികപോലുമില്ലാത്ത രാഷ്ട്രീയപാർട്ടികളുടെ കുട്ടിക്കുരങ്ങന്മാർ കൈകാര്യം ചെയ്ത് പുറത്തിറക്കുന്ന മാഗസിനുകൾക്ക് കലാരംഗത്തുനിന്നും ഒന്നു തന്നെ അവകാശപ്പെടുവാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് ഇന്ന് നിലനില്ക്കുന്നത്. സ്വാർത്ഥമായ രാഷ്ട്രീയതാത്പര്യങ്ങൾ മാത്രം മുന്നിൽ കണ്ടുകൊണ്ട് രംഗത്തിറക്കുന്ന സ്ഥാനാർത്ഥികൾ പലപ്പോഴും കല എന്ന വാക്ക് ഒരിക്കൽപോലും രുചിച്ചുനോക്കിയിട്ടുള്ളവരായിരിക്കുകയില്ല. സമൂഹത്തിനു നേരെ മുഷ്ടിചുരുട്ടാനും കല്ലെറിയാനും മാത്രം അറിയാവുന്ന ആ കൈകൾ ഒരു യഥാർത്ഥ കലാകാരന്റെ തൂലികത്തുമ്പിന്റെ മാഹാത്മ്യം അറിയുന്നതെങ്ങനെയാണ്! — ഇനി അറിയാമെങ്കിൽതന്നെയും യഥാർത്ഥ കലാഭിരുചിക്കനുസരിച്ച് രാഷ്ട്രീയകക്ഷികളുടെ

അതിർവരമ്പുകളും മറന്ന്, സ്വതന്ത്രമായി അവനു പ്രവർത്തിക്കുവാൻ സാധിക്കുമോ!

ആരോപണങ്ങളും വിലാപഗീതങ്ങളാക്കിമാറ്റുവാൻ ഉദ്ദേശിക്കുന്നില്ല. മറിച്ച്, നാമെല്ലാവരും ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് ബോധവാന്മാരാകണം. കുലംകഷമായ സീറ്റുപൊരുത്തപ്പെടലിനിടയിൽ മറ്റു ഗത്യന്തരമില്ലാതെ കലാരംഗത്തിനു നേതൃത്വം നല്കുവാൻ രംഗത്തുവരുന്ന സഹോദരങ്ങളും ഒരു നിമിഷം ചിന്തിക്കണം — തനിക്കിതിനു കഴിയുമോ എന്ന്. സ്വതന്ത്രമായി, ക്രിയാത്മകമായി, സമൂഹത്തോടുള്ള കടപ്പാടുകളും മനസ്സിലാക്കി തനിക്ക് പെരുമാറുവാൻ സാധിക്കുമോ എന്ന് — ഇല്ലായെങ്കിൽ നൂതനമായ പാരമ്പര്യം വച്ചുപുലർത്തുന്ന ഒരു കലാലയത്തിലെ കലാരംഗം മുഴുവൻ എടുത്ത് അമ്മാനമാടുവാൻ ശ്രമിക്കരുത്. അത് ആ കലാലയത്തോടും, സമൂഹത്തോടും ചെയ്യുന്ന വഞ്ചനയാണ്. അതുപോലെതന്നെ വർഷംതോറും കലാരംഗത്തിന്റെ വളർച്ചയ്ക്കുവേണ്ടി ആയിരങ്ങളും ചിലവഴിക്കുന്ന മാനേജ്മെൻറ് ഇടയ്ക്കിടെ ഒന്നു പരിശോധിക്കണം, ലക്ഷ്യങ്ങളും വ്യർത്ഥമാവുകയാണോ എന്ന്! വർഷങ്ങളായി നമുക്കുണ്ടെന്ന് നാം അവകാശപ്പെടുന്ന നൂതനമായ പാരമ്പര്യം നിലനിർത്തുവാൻ അത് ഉതകുമോ എന്ന്! പിന്നെ മറ്റാരേക്കാളും മുപരി വിദ്യാർത്ഥികളായ നാം ഓരോരുത്തരും ഒന്ന് മനസ്സിലാക്കണം — ബൗദ്ധികമായ വികസനം ഒന്നുമാത്രം പോരാ, മറിച്ച് തനതായ വൈകാരിക സിദ്ധിയില്ലെങ്കിൽ പൂർണ്ണമായ വ്യക്തിത്വ വികസനം സാദ്ധ്യമാവുകയില്ല, എന്ന്.

വർഷങ്ങളുടെ പാരമ്പര്യം തുടികൊട്ടുന്ന ഈ കലാലയത്തിലെ വിദ്യാർത്ഥികളായ നാമുക്കോരോരുത്തർക്കും നമ്മുടെ മാഗസിൻ കയ്യിലെടുത്തുകൊണ്ട് അഭിമാനത്തോടെ പറയുവാൻ സാധിക്കണം. ഇതാണ് ഞങ്ങളുടെ ഏക സസൽസിയർ.

മൺമറഞ്ഞ മഹാകവികളുടെ ജീവിതകാലം

കുമാരനാശാൻ	1873 – 16. 1. 1924
വള്ളത്തോൾ	1878 – 13. 3. 1958
പി. കുഞ്ഞിരാമൻ നായർ	1905 – 27. 5. 1978
ഉള്ളൂർ	1877 – 15. 6. 1949
ചങ്ങമ്പുഴ	1918 – 15. 6. 1948
വെണ്ണിക്കുളം	1902 – 29. 8. 1981
കെ. എൻ. എഴുത്തച്ഛൻ	1911 – 28. 10. 1981
ഇടശ്ശേരി	1906 – 16. 10. 1974
ജി. ശങ്കരക്കുറുപ്പ്	1901 – 2. 2. 1978

ഭുവനേന്ദ്രൻ നായർ II M. A.

പ്രേതം

ഇരുളിലാരിലോ ശാപംചൊരിഞ്ഞു കൊ-
ണ്ടണയുമച്ഛനെൻ കണ്ണിൽത്തെളിയവേ
കഠിന വേദനക്കുർമുനത്തുമ്പുകം
കരളുകീറിയ നാളുകളോർപ്പു ഞാൻ.
വിധികൊഠിച്ചിട്ടൊരെച്ചിലായ് ജീവിതം
ചിതറിവീണ തളർന്ന മനസ്സോടേ.
കൊടിയ രോഗങ്ങളും കുന്തിനിൽശിഷ്ടമാം
കരള തുണ്ടായടർന്നു വീണിടവേ
അരയമില്ലാതെ തിണ്ണതൻകോണി-
ലന്നടിയുമാ രൂപമോർപ്പു ഞാനിപ്പൊഴും.

ബലിദിനം വീണ്ടുമെത്തിയിന്നച്ഛനെ-
യലയുമാത്മാവു മുക്തമാക്കീടുവാൻ
കളിരിലീറനുടുത്തെൻറെ സോദരർ
കടവിൽനിന്നിതാ തർപ്പണംചെയ്വു
മരണശേഷമിന്നഞ്ചിരുംവാവുകം
കടലിലും മാറാമേറിക്കടന്നുപോയ്

ജലകണങ്ങളെൻ കണ്ണിലും ദർഭതൻ
മുനയിലും നിന്നു വിറച്ചു തുളുമ്പവേ
അപഥസഞ്ചാരി നിന്ദ്യനാമീമകൻ
കരളുപൊട്ടിയിരക്കുന്നു മാപ്പ്!

മരണലോകത്തിലേതോ വിമുകമാം
കടലിൽനൊമ്പരംകൊള്ളുമാത്മാവി-
നോടപഥ സഞ്ചാരി നിന്ദ്യനാമീമകൻ
കരളുപൊട്ടിയിരക്കുന്നു മാപ്പ്!

ലഹരിനുത്തം ചവിട്ടും സിരകളിൽ
മത്തിമയങ്ങിത്തളർന്നുറങ്ങീടവേ
കഠിന കർമ്മങ്ങളം ചെയ്യുതിൻ ശിക്ഷയെ-
ന്നവഗണിച്ച ഞാൻ നീറിപ്പിടയണം.

ദുരിതജീവിതഭാരം വലിക്കവോൻ
ഒഴുകുമീചുടുകണ്ണീർ കുടിക്കവോൻ
ഇവനിലേയ്ക്കുഴമെത്തമാവ കഴൽവിറ-
ച്ചിടറി വീണ ഞാൻ ദുർബലമാനസൻ
ലഹരിയിൽ സുഖംതേടാൻ കൊതിക്കുമെൻ
പതിതതൃഷ്ണയിൽ മിന്നൽക്കൊടികളായ്
അണയുമോർമ്മകം വീണ്ടും തെളിക്കയാ-
ണിടറി വീഴുമെന്നച്ഛനെറ ചിത്രം.

ബലിക്കാക്ക കൊത്താത്ത പിണ്ഡങ്ങളെൻ-
പാപഖണ്ഡങ്ങളായ് മുന്നിൽ മരവിച്ചിരിക്കവേ
മരണത്തിനക്കരയുമിക്കരയുമാത്മാക്കളം
ഗതികെട്ടു വിങ്ങിത്തകർന്നു കൈകൊട്ടവേ
അപഥസഞ്ചാരി, നിന്ദ്യനാമീമകൻ
കരളുപൊട്ടിയിരക്കുന്നു മാപ്പ്!


എല്ലാ പ്രസാധകരുടേയും പുസ്തകങ്ങളും, സ്പോർട്ട്സ് ഗ്രൗണ്ട്സ്

പ്രത്യേക സൗജന്യങ്ങളോടെ വാങ്ങുക!

ബുക്ക് വേവ്

ഹെഡ് പോസ്റ്റാഫീസിനു സമീപം

ചങ്ങനാശേരി



മദ്യപാനം യുവാക്കളിൽ

സാഹചര്യങ്ങളുടെ സമ്പൂർണ്ണ വിശദീകരണത്തിന് ശേഷം മതി മദ്യവിപത്തിന് ചികിത്സ എന്നാണെങ്കിൽ ചികിത്സകൊണ്ട് ഫലമില്ലാത്ത വിധത്തിൽ രോഗഗ്രസ്തമായിരിക്കാം അന്നത്തെ യുവജനതയെന്നോർക്കണം. മദ്യവിപത്തിനെതിരെ അടിയന്തിരമായ ചികിത്സാപദ്ധതി ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

കരിയാക്കോസ് ജോൺ II D. C.

ലോകമഹായുദ്ധങ്ങളോടെ ഹതാശരും അശാന്തരുമായിതീർന്ന ലോകയുവജനത! യുദ്ധത്തിന്റെ ബീഭത്സഭൂമിയിൽ മുഖാമുഖം നിലകൊണ്ടിവന്ന പശ്ചാത്യ രാജ്യങ്ങളിൽ 'ഡാഡായിസം' ഹിപ്പിസം, തുടങ്ങിയ നിഷേധ പ്രസ്ഥാനങ്ങളിലൂടെ അശാന്തിയുടെ തത്വശാസ്ത്രം മുളപൊട്ടി വളർന്നു. സമൂഹം അരുതെന്ന് വിലക്കുന്നതൊക്കെ ചെയ്യുക, മദ്യത്തിലും മയക്കുമരുന്നിലും ആണ്ടുമുങ്ങുക, ഇതൊക്കെ അവരുടെ ജീവിതാദർശങ്ങളായി മാറി. ലോകയുദ്ധങ്ങളെ സൃഷ്ടിച്ച മാനവസമൂഹത്തിന്റെ അവശേഷിക്കുന്ന സദാചാര്യമൂല്യങ്ങളെയും തത്വസംഹിതകളെയും കടപുഴക്കിയെറിയുന്നത് പ്രത്യയശാസ്ത്രമാക്കിയവരാണ് അത്തരം നിഷേധ പ്രസ്ഥാനങ്ങളും. ലോകമെങ്ങും അലഞ്ഞ് തിരിയുന്ന ഹിപ്പികളും, സാഹിത്യകൃതികളും, ചിത്രകല, സിനിമ തുടങ്ങിയ അനേകചാലുകളിലൂടെ ഈ പ്രത്യയശാസ്ത്രം ലോകയുവജനതയെ മുഴുവൻ സമീപിക്കുകയും സ്വാധീനിക്കുകയും ചെയ്തു.

നമ്മുടെ യുവജനതയുടെ വിശേഷിച്ചും കലാലയവിദ്യാർത്ഥികളുടെ ഇടയിൽ സമീപകാലത്ത് വ്യാപകമായ മദ്യപാനാസക്തിയുടെ ഉറവിടങ്ങളിലൊന്ന് ഇതാണ്. നിലവിലിരിക്കുന്ന അണുവായുധ ഭീഷണി ഈയൊരു സാഹചര്യത്തെ ശതഗുണീഭവിപ്പിക്കുന്നുമുണ്ട്. യുവജനതയും മദ്യപാനവും എന്ന വിഷയം ഇന്ത്യപ്രശ്നത്തലത്തിൽ ഇതിലേറെ ആസന്നവും സവിശേഷവുമായ മറ്റു ചില പ്രശ്നങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു.

സ്വാതന്ത്ര്യാനന്തര ഭാരതത്തിന് അതി സങ്കീർണ്ണങ്ങളായ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതുണ്ടായിരുന്നു. കേന്ദ്ര സ്വയം പര്യാപ്തത, സാമ്പത്തിക വികസനം, സാർവ്വത്രികമായ തൊഴിൽ സൗകര്യം, സാമൂഹ്യദേശീയോദ്ഗ്രഥനം, രാഷ്ട്രീയ പുരോഗതി തുടങ്ങിയ ലക്ഷ്യങ്ങളിലേക്ക് അനേകം കുതിരച്ചാട്ടങ്ങൾതന്നെ വേണ്ടിയിരുന്നു. നിലവിലിരിക്കുന്ന പ്രശ്നങ്ങളും, പുതുതായി ഉയർന്നുവന്ന സാഹചര്യങ്ങളും കൂടി ലക്ഷ്യത്തിലേക്കുള്ള നമ്മുടെ കുതിച്ചുചാട്ടത്തെ ആരംഭത്തിൽതന്നെ മന്ദീഭവിപ്പിച്ചു. അയൽരാജ്യങ്ങളുമായി ചെയ്യേണ്ടിവന്ന യുദ്ധങ്ങളും നമ്മുടെ സാമ്പത്തിക സാമൂഹ്യ ജീവിതാവസ്ഥയെ കൂടുതൽ വഷളാക്കി. അക്രമരഹിത സമരമാർഗ്ഗം ലോക

ത്തിന്റെ മുന്നിൽ അവതരിപ്പിച്ച മാരകത്തിനു ലോകത്തിലെ രണ്ടാമത്തെ കലാശപ്പടയെ തിറിപ്പോറേണ്ട ബാധ്യത ഏറെറടുക്കേണ്ടിവന്നു. നാം കൈവരിച്ച നേട്ടങ്ങൾതന്നെ വർദ്ധിച്ചുവന്ന ജനസംഖ്യയുടെ മുന്നിൽ നിഷ്പ്രഭമായി. ഇന്ത്യൻ യുവജനതയുടെ അസ്വസ്ഥത പ്രത്യയത്തിന്റെ നിരാശജനകമായ ദേശീയ പരിതസ്ഥിതിയിൽനിന്നു് ഉടലെടുക്കുന്നതാണു്. ശോഭനമായ ഭാവിയെപ്പറിയുള്ള പ്രതീക്ഷയും, സുരക്ഷിതത്വബോധവും നഷ്ടപ്പെട്ട യുവതലമുറ മദ്യത്തിലും മയക്കുമരുന്നിലും അഭയം തേടുന്നു. തത്വശാസ്ത്രപരമായി ഇതൊരു പലായന പ്രവണതയാണു്. മനഃശാസ്ത്രപരമായി ഇതൊരു അപസമായോജനക്രിയാതന്ത്രമാണു്. ഏതൊരു അപസമായോജനത്തെയുംപോലെ മദ്യപാനത്തെയും ഒരു രോഗമായിവേണം കാണാൻ.

യുവജനതയുടെ പ്രശ്നം എന്ന നിലയിൽ കാണുമ്പോഴും ഇതു് ഒരു സാമൂഹിക മായ രോഗമാണു്. അതുകൊണ്ടുതന്നെ ഈ രോഗത്തിന്റെ അടിസ്ഥാനപരമായ ചികിത്സ ആരോഗ്യകരവും ആദർശനിഷ്ഠവുമായ സാമൂഹ്യസാഹചര്യം സൃഷ്ടിക്കുന്നതിലൂടെയേ നൽകാനാവൂ. അങ്ങനെ ഒരു സാഹചര്യമല്ല ഇന്നു് നിലവിലിരിക്കുന്നതെന്നതു് പ്രശ്നത്തെ ഏറെ വഷളാക്കുന്നു.

ഗാന്ധിജിയുടേയും ശ്രീനാരായണ ഗുരുവിന്റേയും ആദർശനിഷ്ഠമായ ജീവിതമാതൃക കാണുകയും തത്വോപദേശങ്ങൾ ശ്രവിക്കുകയും ചെയ്ത ഭാരതീയ ജനതയ്ക്കു് അഴിമതിയുടെയും അനീതിയുടെയും പര്യായങ്ങളായ പൊതുപ്രവർത്തകരെ പിന്നീടു് കാണേണ്ടിവരികയുണ്ടായി. അധികാരസ്ഥാനങ്ങൾ ആത്മപ്രീതിയുടെ പ്രഭവസ്ഥാനങ്ങൾ കൂടിയായി. സത്യഗ്രഹ പന്തലുകളിൽ മദ്യപൻമാർക്കും കടന്നിരിക്കാമെന്നായി. ഇലക്ഷൻ കാലങ്ങൾ, രാഷ്ട്രീയ ശക്തിപ്രകടന വേളകൾ, ദേശീയാഘോഷാവസരങ്ങൾ, എന്നീ സന്ദർഭങ്ങളിലാണു് മദ്യഷാപ്പുകളിൽ തിക്കും തിരക്കും അനുഭവപ്പെടുന്നതു്. ഈ തിരക്കു് സ്ഥിരം കുടിയൻമാരെക്കൊണ്ടുള്ളതല്ല. മറിച്ചു്, പൊതുരംഗത്തേയ്ക്കു് കാലെടുത്തു വയ്ക്കുന്ന യുവജനതയുടേതാണു്. കക്ഷി രാഷ്ട്രീയ താത്പര്യങ്ങൾ ആദർശം കൊണ്ടല്ല മദ്യംകൊണ്ടാണു് യുവതലമുറയെ തങ്ങളിലേയ്ക്കു് ആകർഷിക്കുന്നത്. കോളേജ് യൂണിയൻ തിരഞ്ഞെടുപ്പുകളിൽ മദ്യത്തിനു് നിർണ്ണായകമായ സ്ഥാനമാണുള്ളതു്. യുവാക്കളെ പൊതുവെ ആദർശവാൻമാരും അനുകരണതല്പരരുമാണു്. നിലവിലിരിക്കുന്ന സാഹചര്യം അവരുടെ ആദർശതന്മകതയെ പറിച്ചെറിയുകയും വളരെവേഗം അവരെ വശീകരിച്ചു് കീഴ്പ്പെടുത്തുകയും ചെയ്യുന്നു. അനുദിനം ഗതിവേഗമിരട്ടിച്ചുകൊണ്ടിരിക്കുന്ന ഒരു പതനപ്രക്രിയയാണിതു്. സാഹചര്യങ്ങളുടെ സമ്പൂർണ്ണ വിശദീകരണത്തിനു ശേഷം മതി മദ്യവിപത്തിനു ചികിത്സ എന്നാണെങ്കിൽ ചികിത്സകൊണ്ടു് ഫലമില്ലാത്ത വിധത്തിൽ രോഗഗ്രസ്തമായിരിക്കാം അന്നത്തെ യുവജനതയെന്നോർക്കണം. മദ്യവിപത്തിനെതിരെ അടിയന്തിരമായ ചികിത്സാപദ്ധതി ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണു് ഇതു് വിരൽ ചൂണ്ടുന്നത്.

ഏതായിരിക്കണം ആ ചികിത്സാപദ്ധതിയുടെ പ്രായോഗിക രൂപം? യുവജനതയെ മദ്യത്തിലേയ്ക്കും മയക്കുമരുന്നുകളിലേക്കും എത്തിക്കുന്ന സാഹചര്യങ്ങളുടെ സമഗ്രമായ പഠനം. അവയുടെ ഇനം, തരം, സ്വഭാവം, അവ മനുഷ്യശരീരത്തെ എങ്ങനെ ബാധിക്കുന്നു എന്നിവയെക്കുറിച്ചുള്ള വിശദജ്ഞാനം, യുവജനതയുടെ ശരീരശാസ്ത്രപരവും, മനഃശാസ്ത്രപരവുമായ അവബോധം എന്നിവ കൂടാതെ യുവാക്കളെ ബാധിച്ചിരിക്കുന്ന മദ്യപാനരോഗങ്ങളിനു് ഫലപ്രദമായ നിവാരണമാർഗ്ഗം കണ്ടെത്താനാവില്ല. സാഹചര്യങ്ങളെ ഇനം തിരിച്ചു് പഠിക്കേണ്ടതുണ്ടു്. ഉദാഹരണമായി കലാശാലാവിദ്യാർത്ഥികളുടെ കാര്യമെടുക്കുക.

മദ്യത്തിന്റെയും വിവിധ മയക്കുമരുന്നുകളുടെയും ഉപയോഗം കലാശാലാവിദ്യാർത്ഥികൂട്ടായ്മയിൽ പടർന്നിട്ടുണ്ടു്. നഗരത്തിന്റെ സാമീപ്യം, വീടു് വിട്ടു് ഹോസ്റ്റലിലുള്ള വാസം, ആധുനിക ജീവിതത്തിന്റെ അസ്വസ്ഥതകളെ നേരിട്ടറിയുന്നതിനുള്ള ബുദ്ധിപരമായ സാഹചര്യം, ഇവയൊക്കെ കലാശാലാവിദ്യാർത്ഥികളുടെ മദ്യോപയോഗപ്രവണതയെ ത്വരിപ്പിക്കുന്നുണ്ടു്. ബോധനരീതിയുടേയും പരീക്ഷാസമ്പ്രദായത്തിന്റെയും ദൈവകല്പനയാണു് മുഖ്യമായും ഗണിക്കപ്പെടേണ്ടതു്. വർഷാന്തപ്പരീക്ഷയ്ക്കു് അമിത പ്രാധാന്യം നൽകിക്കൊണ്ടുള്ള അതിവികലമായ ഒരു ബോധന രീതിയാണു് കലാശാലകളിൽ തുടരുന്നത്. പരീക്ഷയ്ക്കു് തൊട്ടുമുൻപുള്ള ഏതാനും ദിവസങ്ങൾ ബദ്ധ

പ്പെട്ടു കുറെ കാര്യങ്ങളും ഹൃദിസ്ഥമാക്കിയാൽ പരീക്ഷാ വിജയം നിശ്ചയമാണ്. അദ്ധ്യയന വർഷത്തിന്റെ ബാക്കി മേഗമന്ത്രയും പഠിത്തത്തിൽ ശ്രദ്ധിക്കാതെ വിദ്യാർത്ഥികളുടെ പൂർവ്യയം ചെയ്യുന്നു. പഠിത്തത്തിൽ ശ്രദ്ധിക്കേണ്ട കാര്യമില്ലാത്തതിനാൽ അവർ മറ്റുകാര്യങ്ങളിൽ വ്യാപൃതരാകുന്നു. ഇത്തരം സഹചര്യങ്ങളും അവരെ മദ്യത്തിലേക്കും, മറ്റ് അനാശാസ്യ പ്രവർത്തനങ്ങളിലേയ്ക്കും എത്തിക്കുന്നു. അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ധ്രുവീകരണം ബോധനരീതിയുമായി ബന്ധപ്പെട്ട വിഷയമാണ്. ഡോ. രാധാകൃഷ്ണന്റെയും കോഠാരിക്കമ്മീഷന്റെയും വിദ്യാഭ്യാസനവീകരണത്തിനുള്ള നിർദ്ദേശങ്ങളും പ്രാവർത്തികമാക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടില്ല.

തങ്ങളുടെ മാനസികവും വൈകാരികവും ബുദ്ധിപരവുമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ പറ്റിയ സാഹചര്യം കലാശാലകളിൽനിന്ന് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല. തലച്ചോറിനെയും നാഡീവ്യൂഹത്തെയും നേരിട്ട് ബാധിക്കുന്ന മയക്കുമരുന്നുകളാണ് കലാശാലകളിൽ കൂടുതൽ ഉപയോഗിക്കപ്പെടുന്നത് എന്നും ഓർക്കണം. മദ്യവിപത്തിൽനിന്നും കലാശാലവിദ്യാർത്ഥികളെ രക്ഷിക്കാനുതകുന്ന പ്രായോഗികമാർഗ്ഗങ്ങളൊന്നും ഇന്ന് സ്വീകരിക്കപ്പെടുന്നില്ല. നിയമംകൊണ്ടുള്ള വിലക്കുകൾ കേവലമായ സന്മാർഗ്ഗോപദേശങ്ങൾ എന്നിവ കലാശാലാന്തരീക്ഷത്തിൽ ഫലപ്രദമല്ല. യുവാക്കളുടെ മനഃശാസ്ത്ര പ്രത്യേകതകൾക്ക് നിരക്കുന്ന നിവാരണമാർഗ്ഗങ്ങളല്ല അവ. യുവക്കൾ നിഷേധവാസനയുള്ളവരും യുക്തിയെ ആശ്രയിക്കുന്നവരുമാണ്. ഉപദേശിക്കാൻ അർഹതയുള്ള അദ്ധ്യാപകർതന്നെ കലാശാലകളിൽ ഏറെയില്ല എന്നവർക്കറിയാം. യുവാക്കൾ വഴിതെറ്റിയെന്ന് കുറ്റപ്പെടുത്തുന്ന നല്ലൊരു പങ്ക് സാമൂഹ്യപ്രവർത്തകരുണ്ട്. ഈ കുറ്റപ്പെടുത്തലുകൾ പ്രശ്നങ്ങളെ കൂടുതൽ വഷളാക്കുന്നതേയുള്ളൂ. കലാശാലാന്തരീക്ഷത്തിന് ഏറ്റവും യോജിച്ച നിവാരണമാർഗ്ഗം ബോധവൽക്കരണത്തിന്റേതാണ്.

ബോധവൽക്കരണം എന്നാൽ ആശയപ്രചാരണം ആണെന്ന ധാരണ ശരിയല്ല. ബോധത്തിന്റെ പ്രവർദ്ധനം ആണ്. ഒരു വസ്തുവിനെ, പ്രവൃത്തിയെ, സംഭവത്തെ തനിസ്വരൂപത്തിൽ അറിയുന്ന പ്രക്രിയയാണത്. മദ്യവിപത്തിനെ സമ്പൂർണ്ണമായി അറിയുകയാണ് ആവശ്യം. ഇത് ബാഹ്യപ്രേരണകൊണ്ട് ലഭിക്കേണ്ടതല്ല. അന്വേഷിക്കുന്നതിനും അറിയുന്നതിനും സദാ സന്നദ്ധമണ് യുവമനസ്സ്. അവർക്ക് അതിനു പറ്റിയ സാഹചര്യം നൽകുകയേ വേണ്ടൂ. വ്യക്തമായ അറിവിനെ പ്രായോഗികമാക്കാനുള്ള ശക്തി യുവജനങ്ങളെപ്പോലെ മറ്റാർക്കും ഇല്ല. വികലമായ അറിവിൽനിന്നും തെറ്റായ പ്രേരണകളിൽനിന്നും സ്വയം രക്ഷിക്കുന്നതിനുള്ള കരുത്ത് ആർജ്ജിക്കാൻ പറ്റിയ സാഹചര്യം ഒരുക്കി കൊടുക്കുകയാണ് ആവശ്യം.

മദ്യപാനം യുവജനങ്ങളിൽ എന്ന വിഷയം കൈകാര്യം ചെയ്യുമ്പോഴും സദാ സ്മരിക്കേണ്ട ഒരു കാര്യമാണ്: യുവജനങ്ങളും ഇനിയും നശിച്ചു കഴിഞ്ഞിട്ടില്ല, വിപത്തിൽനിന്ന് തങ്ങളെത്തന്നെ രക്ഷിക്കുന്നതിന് അവർക്ക് കഴിയും. ആ വിപത്തിലേയ്ക്ക് തങ്ങളെ എത്തിച്ച മനുഷ്യാവസ്ഥയെ അതിന്റെ സകല പ്രശ്നങ്ങളിൽനിന്നും രക്ഷിക്കാൻ അവർക്കേ കഴിയൂ. ○

'അഴിമതി സാഹിത്യത്തിൽ'

''അഴിമതിയെന്ന കേൾക്കുമ്പോഴും എല്ലാവരും ഗവണ്മെൻറിന്റെ നേരെ നോക്കും. നമ്മുടെയിടയിലേക്കും നോക്കുക. മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും അഴിമതിക്കാരാണെന്ന പറയുന്ന പത്രക്കാർ അഴിമതിയിൽനിന്നും ഒഴിഞ്ഞുനിൽക്കുന്നവരാണോ? ലളിതയുടെ വേഷം ചമഞ്ഞ പൂതനയെപ്പോലെയുള്ള ആഭ്യന്തരപ്രതിപ്പുകാർ ഇറക്കിവിടുന്നവർ അഴിമതിക്കാരല്ലേ? യുവഹൃദയങ്ങളെ ഇക്കിളിപ്പെടുത്തിയാൽ മാക്സറിൽ നല്ലപോലെ പ്രചരിക്കുമെന്ന കരുതി അഞ്ചാംതരം ഇക്കിളിസാഹിത്യം രചിക്കുന്ന ഗ്രന്ഥകാരൻ അഴിമതിക്കാരനല്ലേ? ആദ്യയം മാത്രംനോക്കി, ഓടയിലെറിഞ്ഞു കളയേണ്ട, നാറുന്ന പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുകയും അതു ശരീരത്തിനും മനസ്സിനും ബുദ്ധിക്കും ഒന്നാന്തരം ടോണിക്കാണെന്ന പരസ്യം ചെയ്യുകയും അതുവഴി ജനങ്ങളെ വഞ്ചിക്കുകയും ചെയ്യുന്ന പ്രസാധകനും അഴിമതിക്കാരിൽ പെടുമെന്നുള്ളതിൽ ആരും ശങ്കിച്ചിട്ടുകാര്യമില്ല.''

— (കാശ്രീ നീലകണ്ഠപ്പിള്ള 'അഴിമതി അധികാരം വഴ്ചീയത' പേജ് 52)

എത്തുമോ?
എങ്കിൽ ചൊല്ലൂ!

രാജൻ എൻ. കെ. II D. C.

മറിയും തിരിഞ്ഞുമീ മന്നിനെ പുൽകിപ്പുൽകി
മറയായ് പകലോന്നു തീർന്നിടും നിശീഥിനീ...
നിൻറെയീ തീരായാത്ര വേളയിലെത്തിടുമോ — !...
യെൻറെ താതനാം മന്നൻ വാണിടും നഗരത്തിൽ?

ഓതുമോ — യോരോന്നായീ സുതനാമിവൻ സ്ഥിതി — യവൻ
കാതിലായ് മന്ത്രിക്കുമോയീഹൃത്തിൻ നിജസ്ഥിതി
ഒർമകളം മാത്രമായെമനസിൽ ശേഷിക്കുമീ
സുതനെയുണർത്തുമോ ?.... അവനെ കാണിടുകിൽ.

കുഞ്ഞിളം പാട്ടിനാലെന്നുള്ളത്തിലുന്മാദത്തിൽ — വനമഴയുതിർത്തിടും —
കുഞ്ഞറക്കുരുവീ നീയെത്തുമോയാതോപ്പിലായ്
ആയിരം കാതങ്ങൾക്കുമലയാഴിക്കും ദൂരെ മരുവു -
മെൻ മാതാവിന്നരികെ നീയെത്തുമോ ?...

എങ്കിലായ്ചെന്നീടു നീയാഹൃത്തിന്നാശ്വസിക്കാ —
നിമ്പമേറിടും നിൻറെയാസ്വരവിപഞ്ചിയാൽ
താതൻറെ മിഴികൾക്കുമംഗസാമർത്ഥ്യങ്ങൾക്കും
നീ ജന്മം കൊടുത്തവൻ സുഖമായ് കഴിയുന്നൂ....

ചേലൊത്തയാരാമത്തിൻ ഹൃത്തിനെ സ്പർശിച്ചീട്ടു -
ചേലിൽ വന്നെന്നെപുൽകും കുഞ്ഞിളം തെക്കൻകാറേ
നീയങ്ങു ദൂരെയെത്തിയെൻ സഖിയുണർന്നിടു -
മശ്യാമനിമിഷത്തിലവളെ പുൽകീടുമോ ....?....

വിധിയാൽ വേറിട്ടങ്ങു കഴിയുമവൾ ചെയ്യും
ദിനാന്ത്യകർമ്മങ്ങളാം പ്രാർത്ഥനഗീതങ്ങളീ —
ലിവൻതന്നന്തരംഗമതിലായാളുംമഗ്നീ
സ്ഫുലിംഗങ്ങളെ ചേർക്കാനൊന്നു നീയറിയിക്കൂ....

കളിയാടുവാനായീ പോയിടാം പുഴതീരത്തവിടെ —
വിളഞ്ഞിടും ഫലവും തിന്നു പോരാം
എന്നിങ്ങു ചൊല്ലിയെൻറെ ചാരത്തുവന്നുനിന്നു
കിന്നരം പുലമ്പുമെൻ കൊച്ചുസോദരനെങ്ങോ?.....

ഈ മർത്ത്യൻനിവസിക്കുമീ ശോക ഭൂമി — നിത്യ
ഗാനത്താൽ മുഖരിതമാക്കിടും കല്ലോലിനീ...
ആയവൻ കളിച്ചിടുമാപുണ്യഭൂവിലൂടെ
പോയിടുംനേരം ചൊല്ലൂ ചരിതമിവനിലെ.

നീരലകളാം നിന്റെ നീണ്ടബാഹുക്കളെ നീട്ടി
യോരത്തു തലോടിക്കൊണ്ടിങ്ങനെയുരചെയ്യും....
കൊച്ചുപേട്ടനെക്കൂടാതാതീരത്തോടിയെത്തി
പുഷ്പങ്ങളിറുക്കുമ്പോളോർത്താർത്തു തേങ്ങിടല്ലേ.

പിച്ചവച്ചാകാശത്തിൻ സീമയിലൊളിച്ചിടും
കൊച്ചുള്ളം കിടാങ്ങളാം കാർമുകിൽ മാലകളെ
അംബാ സീമയതിന്നപ്പുറത്തുള്ളാ മന്നി —
ലൊരുനാളീതീരാത്ത യാത്രയിലെത്തീടുമോ ?...

അവിടെയുഷസിനെയുണർത്തും പാട്ടുകാർക്കു
കളിത്തോഴിയായ്തീരാനെന്നനുജത്തി പോയി
അവ്യക്തൻ മിഴികളിലശ്രുക്കളുണർത്താതെ
യറിയിക്കുമോയിവൻ കദനമതിൻ കഥ.

ക്രൂരനാം വിധിതന്റെ കരുത്തൻ കരങ്ങളി -
ലമർന്നു പോകാനിവന്നേതു കർമ്മമോ ഹേതു ?....
വേറിട്ടുമേവാനെന്റെ പ്രിയരിൽനിന്നെന്നേയ്ക്കു -
മെറിഞ്ഞുയവനെന്നെ യീശോകഭൂമിതന്നിൽ.

ഇവിടായ് പരന്നിടുമിരുളിന്നുയിർനീക്കാ
നുണർന്ന് ശോഭിച്ചെങ്കിലണിഞ്ഞീ ദീപശിഖ.
ഇടറുന്നീവിപഞ്ചിയുതിർക്കും പാഴ്ശ്രുതിപോ -
യിവിടെയുണർവിന്റെ രാഗങ്ങളുണർന്നെങ്കിൽ.

With best compliments from

SRI JOSEPH JOHN

ST. JOSEPH RICE MILL

THURUTHY, CHANGANACHERRY

With best compliments from

SRI KURIAN JOSEPH

GROCERY MERCHANT

VATTAPPALLY, CHANGANACHERRY

With best compliments from

SRI P. S. JOSEPH

EGG MERCHANT

Near Private Bus-stand

CHANGANACHERRY

ഡോ. സുകുമാർ അഴീക്കോട്, പ്രൊഫ. എസ്. ഗുപ്തൻ നായർ, ഡോ. ജോർജ് ഓണക്കൂർ എന്നിവർ പങ്കെടുക്കുന്ന സിമ്പോസിയം—

സമൂഹവും യുവജനതയും

ഡോ. സുകുമാർ അഴീക്കോട്

യുവാക്കളെയായാലും വൃദ്ധന്മാരെയായാലും ഒരു വിഭാഗത്തെ പൂർണ്ണമായി എന്തിനെങ്കിലും കുറ്റപ്പെടുത്തുന്നതോ പ്രശംസിക്കുന്നതോ മനഃശാസ്ത്രപരമല്ല. യുവതലമുറ ആകമാനം വിഷലിപ്തമാണെന്നു് ഞാൻ വിശ്വസിക്കുന്നില്ല.

പക്ഷേ, കാലഘട്ടം സമൂഹത്തെ വലിയൊരളവുവരെ സ്വാധീനിക്കുന്നു; പ്രത്യേകിച്ചു് യുവജനങ്ങളെ ഇന്നത്തെ തലമുറയ്ക്കു് പഴയതിൽനിന്നുള്ള വ്യത്യാസമാണു്, യുവാക്കളെ വഴിതെറ്റുന്നുവെങ്കിൽ, അതിനുള്ള കാരണം. സമൂഹത്തിലെ അമിതമായ സമ്പന്നതയും, നൂതനങ്ങളായ പ്രലോഭനങ്ങളും അവനെ അപകടകരമായ രീതിയിൽ ബാധിയ്ക്കുന്നു. മയക്കുമരുന്നുകളും പൈങ്കിളി സാഹിത്യവും അവനെ രക്ഷപ്പെടാൻ പ്രയാസമുള്ള പ്രലോഭനങ്ങളാണു്. എങ്കിലും കഴിഞ്ഞ തലമുറ സദാ മുന്നിൽകണ്ടിരുന്നതുപോലെ നമ്മുടെ യുവജനങ്ങൾക്കും ഇന്നു് വ്യക്തമായ ഒരു ലക്ഷ്യം വച്ചുപുലർത്തുന്നില്ല. അതാണു് ഏറ്റവും കാതലായ പ്രശ്നം.

നാം അടിയറവു പറഞ്ഞാൽ പറ്റില്ല. സുസംഘടിതമായ ശ്രമത്തിലൂടെ നേടിയെടുക്കാവുന്നതേയുള്ള ഈ പ്രശ്നങ്ങളുടെ പരിഹാരം. അതു് ഏറ്റവും അത്യന്താപേക്ഷിതമായ കാര്യവുമാണു്. കാരണം യുവാക്കൾ അടിതെറ്റിയാൽ ഇളകുന്നതു് സമൂഹം മൊത്തത്തിലാണു്. ഏറ്റവും ആദ്യമായി നാം മനുഷ്യനെ സ്നേഹിക്കാൻ പഠിക്കുക. അവനോടു സഹതപിക്കുക.

നമ്മുടെ പ്രതീക്ഷകൾ മുഴുവൻ അർപ്പിക്കേണ്ടതു് യുവജനങ്ങളിലാണു്. ഏതു നവീന പ്രവർത്തനങ്ങൾക്കും അവരാണല്ലോ ജീവൻ പകരേണ്ടതു്. പക്ഷേ പലപ്പോഴും നാം കാണുന്നതു് വിപ്ലവകരമായ ആശയങ്ങൾ വച്ചുപുലർത്തുന്ന ഇക്കൂട്ടരിൽ പലരും കാലക്രമേണ ഒരുതരം നിസ്സംഗതയിലേക്കു നീങ്ങുന്നതായാണു്. ലാവ തണുത്തുറയുംപോലെ.

ഈ നിർവികാരതയ്ക്കോ, അതുമൂലമുണ്ടാകുന്ന നിഷ്ക്രിയതയ്ക്കോ കാരണം പ്രതികരണശേഷിയുടെ നഷ്ടമാണെന്നു് കരുതാൻ പറ്റില്ല കാരണം പ്രതികരണശേഷി നൈസർഗ്ഗികമാണു്. യുവാക്കളിലും അതുണ്ടെന്നു് ആത്മാർത്ഥമായി പറയാൻ കഴിയും. അവരിൽ നമുക്കു പകരാൻ കഴിയുന്ന ഉത്തേജനം മാത്രമേ വേണ്ടൂ പ്രതികരണം ക്രിയാത്മകമാക്കാൻ. അവരിൽ ഉറഞ്ഞുകിടക്കുന്ന ശക്തിയുടെ കേന്ദ്രീകരണമാണു് ആദ്യം വേണ്ടതു്. നദി അണകെട്ടിനിർത്തി ശക്തി സംഭരിക്കുന്നതുപോലെ അവരെ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. പക്ഷേ അവൻ നീങ്ങേണ്ടതു് അതിക്രമത്തിലേക്കല്ല.

നാമാദ്യം പ്രശ്നങ്ങളെ ബുദ്ധിപരമായി പഠിക്കുക. തന്റെ ചിന്താശക്തിയും, സ്വഭാവവും, പെരുമാറാരീതിയും നന്മയെ ലക്ഷ്യമാക്കി വളർത്തുക. പരിപക്വമായ ഒരന്തിമലക്ഷ്യം മനസ്സിൽ വച്ചു മുന്നേറുക. ഏതവസരത്തിലായാലും സമൂഹത്തോടും നമ്മോടുതന്നെയും ഒരു പ്രതിബദ്ധത മനസ്സിൽ സൂക്ഷിക്കുക. ഇവയൊക്കെയുണ്ടെങ്കിൽ അനേകം യുദ്ധങ്ങൾ ജയിച്ചു് ഒരു മഹായുദ്ധം നേരിടാൻമാത്രം കരുത്തു നാം നേടും.

ഈ മുന്നേറ്റത്തിൽ യുവാക്കൾക്കു് ഏറ്റവും വലിയ മാതൃകയാവേണ്ടതു് അവരുടെ അദ്ധ്യാപകരാണു്. പക്ഷേ സമൂഹമാകമാനമുള്ള ഒഴുക്കിൽ അദ്ധ്യാപകരും പെട്ടുപോയി. അവരും ഒരുതരം കൂട്ടവഞ്ചനയിലെ കഥാപാത്രങ്ങളായി എന്നതൊരു സത്യമാണു്. തന്റെ വിദ്യാർത്ഥിക്കു് നല്ല മാതൃകയാവാൻ അദ്ധ്യാപകനു് കഴിയാതെ പോവുന്നതു് ദുഃഖകരമാണു്. ഒരു സമൂഹത്തിന്റെ കെട്ടുറപ്പിനും പുരോഗതിയ്ക്കും അവശ്യം വേണ്ട ഘടകമായ യഥാർത്ഥ സാഹിത്യകാരനെയും കലാകാരനെയും നമുക്കു നഷ്ടപ്പെട്ടു. ഒരവാർഡിനുവേണ്ടി എന്തു വേഷവും കെട്ടാൻ മടിക്കാത്ത അവർക്കു് യുവമനസ്സുകളിൽ ഉണ്ടായിരുന്ന സ്ഥാനം ഇന്നു് സിനിമാ—ക്രിക്കറ്റു് താരങ്ങൾ കയ്യടക്കിയിരിക്കുന്നു.

തുഗ്ലക്കിനെപ്പോലുള്ള നമ്മുടെ ഭരണാധികാരികളും യുവജനശക്തിയെ അനാരോഗ്യകരമായ രീതിയിൽ ഉപയോഗിക്കുന്നു. അവരുടെ കച്ചവട മനസ്ഥിതിക്കും സ്വാർത്ഥതാല്പര്യങ്ങൾക്കും മുമ്പിൽ യുവാക്കളും വെറും കളിപ്പാട്ടങ്ങളായി. നിയമസഭയിലും വാഴ്സിറ്റി സെനറ്റിലും പറയാൻപോലും മടിക്കേണ്ട വിക്രിയകളും കാട്ടിക്കൂട്ടുന്ന ഇവർക്ക്, തനിക്കു മുഖസ്തുതി പാടുന്നവൻമാത്രം നാട്ടിൽ വളരാൻ ഇഷ്ടപ്പെടുന്ന ഇവർക്ക് എങ്ങനെ അണികൾക്ക് നേതൃത്വം നൽകാൻ അവകാശമുണ്ടെന്നു പറയാനാവും? നമ്മുടെ നേതാക്കൾക്ക് വിമർശനത്തെ ഭയമാണ്. എന്നെയും വെറുതെവിടരുതെന്നു കാർട്ടൂണിസ്റ്റിനോടപേക്ഷിച്ചു നെഹ്രുവും സർക്കാരിനെ വിമർശിക്കുന്ന നാടകങ്ങളും അവാർഡിനു യോഗ്യമല്ലെന്നു വിധിയെഴുതിയ ഭരണാധികാരിയും സംസാരിക്കുന്നതു വിരുദ്ധഭാഷകളാണ് (ഇടയ്ക്കൊന്നു പറയട്ടെ, ഇന്നു ഏറ്റവും നല്ല നാടകം കളിക്കുന്നതു നമ്മുടെ ഭരണാധികാരികളാണ്. അവർ തന്നെയാവും അവാർഡിനും യോഗ്യർ). ഇത്തരക്കാരുടെ സ്തുതിപാഠകരാകേണ്ടവരല്ല നമ്മുടെ യുവാക്കൾ.

ഉദാത്തമായ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് പ്രഖ്യാപിക്കപ്പെട്ട യുവജനവർഷം പേരിൽമാത്രം ഒതുങ്ങിപ്പോയി; ഒരു പഞ്ചവത്സരപദ്ധതി നടത്തി ഒന്നരണ്ടു പേർക്ക് സമ്മാനം നൽകിയെന്നതിലേറെയൊന്നും നമുക്കു നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. അടുത്തവർഷം യുവജനവർഷത്തെ മറക്കുകവഴി സമൂഹത്തിന്റെ പരിഹാസമാണ് നാം നേടിയെടുക്കുന്നത്. ഒരു വർഷം മാത്രമല്ല യുവജനങ്ങളെ ഓർക്കേണ്ടതു. നിരന്തരമായ പ്രക്രിയയിലൂടെ യുവജനങ്ങളെ കൂട്ടുതൽ സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടതു് അവരുമായുള്ള ആന്തരികസമ്പർക്കമാണ്. നമ്മുടെ എല്ലാ സാമൂഹ്യസമ്പർക്കമാധ്യമങ്ങളും അതിനായി ഉപയോഗിക്കേണ്ടിയിരിക്കുന്നു.

സാഹചര്യങ്ങൾ അനുകൂലമല്ലെങ്കിലും യുവാക്കൾ നിരാശരാകേണ്ടതില്ല. മനുഷ്യസ്നേഹത്തിലധിഷ്ഠിതമായ ഒരു ശീതസമരത്തിലൂടെ നമുക്ക് വിജയം കൈവരിക്കാൻ കഴിയും. അതായതു്, അതിരുകളുമായ ഒരു പൊട്ടിത്തെറിയുടെ ആവശ്യമില്ല മന്ദഗതിയിലുള്ള ഒരു വിപ്ലവത്തിന്റെ ആവശ്യമേയുള്ളൂ. നാം പ്രവർത്തിക്കുന്ന ചെറിയ മണ്ഡലത്തിൽ അതിനു തുടക്കമിടാം. അതിന്റെ മാറ്റൊലികൾ സമൂഹമാകമാനം പടരും.

എന്നായാലും നദി കടലിലേക്കാണല്ലൊ ഒഴുകുന്നതു്. വെള്ളമെപ്പോഴും അതിന്റെ നിരപ്പുകണ്ടെത്തുന്നതുപോലെ മനുഷ്യരാശിയാകമാനം അതിന്റെ ശരിയെക്കണ്ടെത്തും. അതിനുള്ള പ്രതീക്ഷ മുഴുവനും യുവതലമുറയിൽ അർപ്പിക്കാം. 8000–കൊല്ലത്തെ ചരിത്രമെഴുതിയ H. G. Wells–ഉം തന്റെ ശ്രമത്തിന്റെ അവസാനം അതുതന്നെയല്ലേ ചെയ്തതു്.

ഡോ. ജോർജ് ഓണക്കൂർ

അസ്വസ്ഥമായ യുവജനത കാലഘട്ടത്തിന്റെ പ്രതിഭാസമാണ്. ഇവിടെ യുവജനതയെ സംബന്ധിച്ചിടത്തോളം സ്വപ്നങ്ങളില്ല, മോഹഭംഗങ്ങളുടെ എരിതീയിൽ ഈയ്യാംപാറ്റകളെപ്പോലെ അവർ പൊന്തടിയുകയാണ്. മുതിർന്ന തലമുറയുടെ വിശ്വാസവഞ്ചനയാണ് ഈ അവസ്ഥ സൃഷ്ടിച്ചതു്. ഈ അവസ്ഥയിൽനിന്നും മോചനം നേടുവാൻ യുവജനതയുടെ മുന്നിൽ ഒരേ ഒരു മാർഗ്ഗമേ ഉള്ളൂ: പ്രതികരണശേഷി വീണ്ടെടുത്തു് സ്വയം വളരുക. യുവജനവർഷാചരണം എന്ന താല്ക്കാലിക സ്വാർത്ഥതാല്പര്യപ്രേരിതമായ പ്രഹസനംമാത്രം അതിനു പോരാ — മുതിർന്നവരിൽനിന്നും നിസ്വാർത്ഥമായ സഹകരണം കൂടിയേ തീരൂ.

യുവജനത സാമൂഹ്യമായ പ്രതിബദ്ധത ഉള്ളവരല്ല എന്ന മുതിർന്ന തലമുറയുടെ ആരോപണം ഒരു കാരണവശാലും വസ്തുനിഷ്ഠമല്ല. യുവജനതയെ സംബന്ധിച്ചിടത്തോളം സാമൂഹിക പ്രതിബദ്ധത അപ്രാപ്യമാണ്. കാരണം സമൂഹം എന്ന സങ്കല്പം അവരെ സംബന്ധിച്ചിടത്തോളം അയഥാർത്ഥമാണ്, വ്യർത്ഥമാണ്. സമൂഹത്തിന്റെ സമഗ്രപുരോഗതിയാണ് മനുഷ്യപ്രയത്നത്തിന്റെ പിന്നിലുണ്ടായിരിക്കേണ്ട പ്രേരകശക്തി. ഈ ശക്തി പ്രവർത്തിക്കുന്ന വ്യക്തികളുടെ കൂട്ടായിരിക്കണം. മുതിർന്ന തലമുറയെ സംബന്ധിച്ചിടത്തോളം കൂട്ടായ പ്രവർത്തനം ഉണ്ട്. പക്ഷേ, സാമൂഹ്യമായ പുരോഗതി എന്ന ലക്ഷ്യമില്ല. അതിന്റെ സ്ഥാനത്തു്, സ്വാർത്ഥമായ ആശയാഭിലാഷങ്ങളുടെ ദേവതകളെ അവർ പ്രതിഷ്ഠിച്ചിരിക്കുകയാണ്. ഈ കൂട്ടരെ സംബന്ധിച്ചിടത്തോളം, സമൂഹത്തിന്റെ പുരോഗതി സാധ്യമാക്കുന്നതിനുള്ള തന്ത്രങ്ങളും ആവിഷ്ക്കരിക്കുവാനുള്ള കഴിവും സാമൂഹ്യമായ ഉത്തരവാദിത്തബോധവുമില്ല. മുതിർന്നവരുടെ ഈ വിശ്വാസവഞ്ചനയും, ധാർമ്മികപ്രതിയും കണ്ട് ഞെട്ടിവളരുന്ന യുവജനതയെ സംബന്ധിച്ചിടത്തോളം ഈ അവസ്ഥയിൽ, സമൂഹമെന്ന സങ്കല്പം അയഥാർത്ഥമാണ്. സാമൂഹ്യമായ ഈ വ്യർത്ഥതാബോധം യുവജനതയെ സമൂഹത്തോടു് പ്രതിബദ്ധതയില്ലാത്തവരും അസ്വസ്ഥരുമാക്കി മാറ്റുന്നു?

ഈ അസ്വസ്ഥതയാണ് പല രൂപത്തിൽ നാം കാണുന്നത്. മയക്കമരുന്നിന്റെയും, മദ്യാസക്തിയുടെയും, ലൈംഗികാരാജകത്വത്തിന്റെയും, നിരാശതാബോധത്തിന്റെയും സ്വാധീനത്തിൽ വലയുന്ന യുവജനതയുടെ ചിത്രം ഈ അസ്വസ്ഥത വെളിവാക്കുന്നു. ഈ തലമുറയ്ക്ക് ഇന്നലെകളിലെ സമൂഹത്തെപ്പോലെ വളരുവാൻ സാധ്യമല്ല; നാളെയുടെ അഭിലാഷങ്ങളെ ഉൾക്കൊണ്ടുകൊണ്ട് വളരുവാനുള്ള പരിശീലനവുമില്ല; ഇന്നത്തെ സമൂഹത്തിൽ, സ്വയം ആ ഉത്തരവാദിത്വം ഏറ്റെടുത്ത് നടത്തുവാനുള്ള മാതൃകയും അവർക്കില്ല. ഈ അവസ്ഥയിൽ, സാമൂഹ്യാസ്ഥിത്വം അപ്രസക്തമായ ഈ അവസ്ഥയിൽ യുവജനത സ്വയം ഉൾവലിയുന്നു — സമൂഹവുമായുള്ള ബന്ധങ്ങളെല്ലാം വിച്ഛേദിച്ച് ഒറപ്പെട്ട വ്യക്തികളായി മാറുന്നു. ഈ അന്യതാബോധവും, സാമൂഹ്യമായ ശൂന്യവല്ക്കരണവും സ്വന്തം വിശ്വാസങ്ങളിൽനിന്നു, അന്തരാത്മാവിന്റെ പ്രചോദനങ്ങളിൽനിന്നു ഓടിഒളിക്കുവാൻ അവനെ പ്രേരിപ്പിക്കുന്നു. ഈ അവസ്ഥയിലാണ് യുവജനത സാമൂഹ്യമായ പ്രതിബദ്ധത ഇല്ലാത്തവരാണ് എന്ന മുതിർന്ന തലമുറയുടെ ആരോപണം ഉയർന്നുവരുന്നത്. യഥാർത്ഥത്തിൽ മുതിർന്ന തലമുറയുടെ വിശ്വാസവഞ്ചനയിൽനിന്നാണ്, ഈ അവസ്ഥ സംജാതമാകുന്നത്.

ഈ ദുരന്താവസ്ഥയിൽനിന്നു മോചനം പ്രാപ്യമാകണമെങ്കിൽ മുതിർന്ന തലമുറയുടെ വിശ്വാസവഞ്ചനയെ ചോദ്യം ചെയ്യുന്ന ഒരു പുതിയ തലമുറ വളർന്നുവരേണ്ടിയിരിക്കുന്നു. പക്ഷേ ഇവിടെ സംഭവിക്കുന്നതെന്താണ്? സമൂഹത്തിന്റെ ഒഴുക്കിൽപ്പെട്ട്, ഉഷ്ണിച്ച സമൂഹത്തിന്റെ ഭാഗമായി ഒരുപറ്റം മാറുന്നു. മറെറാരു ക്ലൂട്ടർ സാമൂഹ്യമായ അവസ്ഥയോട്, അനീതിയോട് അക്രമത്തോട് പ്രതികരണശേഷി നഷ്ടപ്പെട്ടവരായി കഴിഞ്ഞുകൂടുന്നു. എം. മുകുന്ദന്റെ ''ദൽഹി 1981'' എന്ന കഥ ഒരുദാഹരണമാക്കി എടുത്താൽ നട്ടുച്ചയ്ക്ക ബലാൽസംഗത്തിനും, കൊലയ്ക്കുമായി ഒരു പാവം സ്ത്രീയെ ചിലർ വലിച്ചിഴച്ചുകൊണ്ടുപോകുമ്പോൾ കാഴ്ച കാണുന്ന ലാഘവത്തോടെ, രസിച്ചിരിക്കുന്ന രണ്ട് യുവജനതയുടെ പ്രതിനിധികളും, ഈ കാലഘട്ടത്തിന്റെതന്നെ മുഖമുദ്രകളാണ്.

യുവജനതയുടെ ഈ നിഷ്ക്രിയത്വം അവരുടെമാത്രം കുറവല്ല. മുതിർന്ന തലമുറയുടെ വിശ്വാസവഞ്ചനയാണ് ഭീകരമായ ഈ പതനത്തിൽ അവനെ എത്തിച്ചിരിക്കുന്നത്. പക്ഷേ ഈ അവസ്ഥയിൽനിന്നു യുവജനത രക്ഷപെടേണ്ടിയിരിക്കുന്നു. കാലഘട്ടത്തോട് പ്രതികരിക്കുന്ന നല്ല നാളെയെ വാർത്തെടുക്കുവാൻ കഴിവും തന്റേടവുമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാനുള്ള ശ്രമം, എവിടെനിന്നെങ്കിലും ആരംഭിക്കേണ്ടിയിരിക്കുന്നു —അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. ഇതിനുള്ള അടിസ്ഥാനപരമായ മാറ്റം നമ്മുടെ വിദ്യാഭ്യാസരംഗത്തു് വരുത്തേണ്ടിയിരിക്കുന്നു. അതുപോലെതന്നെ നമ്മുടെ കലാസാംസ്കാരിക, സാഹിത്യപ്രവർത്തനങ്ങൾക്കു് കൂടുതൽ ആഴവും പരപ്പും നൽകേണ്ടിയിരിക്കുന്നു. ഇവയെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റേണ്ടിയിരിക്കുന്നു. മനുഷ്യസ്നേഹത്തിന്റെ കഥപറയുന്ന, സ്നേഹത്തിന്റെ നനവും ആർദ്രതയുമുള്ള സാഹിത്യസംസ്കാരം നമുക്കു് വളർത്തേണ്ടിയിരിക്കുന്നു. ഇതിനായി യുവജനോത്സവാചരണംപോലെ ചില പ്രഹസനങ്ങൾമാത്രം നടത്തിയതുകൊണ്ടായില്ല. യുവജനവർഷാചരണങ്ങൾക്കു് അടിസ്ഥാനപരമായ മാറ്റം ഉറപ്പുവരുത്തുവാൻ സാധിക്കുകയില്ല. അടിസ്ഥാനപരമായ മാറ്റം സമൂഹത്തിനുള്ളിൽനിന്നുതന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു. സ്വന്തം ഭാഗധേയം നിർണ്ണയിക്കുവാനുള്ള സ്വാതന്ത്ര്യം യുവജനതയ്ക്കുണ്ടാവണം. യുവാക്കളുടെ വിധി ഇപ്പോഴും വൃദ്ധന്മാരുടെ കൈകളിലാണ്. യുവജനവർഷാചരണവും അതാണ് തെളിയിക്കുന്നത്. പുതിയ വിദ്യാഭ്യാസരീതിയിലെങ്കിലും മാറ്റങ്ങൾ പ്രതീക്ഷിക്കാം.

പ്രൊ. എസ്. ഗുപ്തൻനായർ


യുവജനത ഇന്നു് അസ്വസ്ഥമാണ് എന്ന കാര്യത്തിൽ തർക്കമില്ല. ഇന്നത്തെ സാമൂഹിക അസ്വസ്ഥതതന്നെ കണക്കിലെടുത്താൽ ഒരുവിധത്തിൽ അല്ലെങ്കിൽ മറെറാരുവിധത്തിൽ അതിനു് കാരണക്കാരാകുന്നവരിൽ ഭൂരിഭാഗവും യുവജനങ്ങളാണെന്നു കാണാം. അതായതു് ഇന്നത്തെ സാമൂഹിക അസ്വസ്ഥത യുവജനാസ്വസ്ഥതയിൽനിന്നുമാണ് ഏറിയകൂറും ഉടലെടുക്കുന്നതു് എന്നതാണ് വാസ്തവം. ഇതിനു കാരണങ്ങൾ പലതാണ്—ഇതിലേയ്ക്കായി സമൂഹത്തിലെ ഏതെങ്കിലും ഒരു വിഭാഗത്തെത്തന്നെ പഴിക്കുന്നതിൽ യുക്തിയില്ല.

സമൂഹത്തിന്റെ ജീവവായുവാണ് യുവജനത. യുവജനത അസ്വസ്ഥരാവുമ്പോൾ ഒരിക്കലും സമൂഹത്തിൽ ശാശ്വതമായ സമാധാനം ഉണ്ടാവുകയില്ല. ആധുനിക യുവജനതയ്ക്ക് സമൂഹത്തോട് പ്രതിജ്ഞാബദ്ധതയില്ല എന്ന ആരോപണത്തിൽ കഴമ്പില്ല. ഇന്നു യുവജനം സമൂഹത്തോട് തികച്ചും പ്രതിജ്ഞാബദ്ധമാണ്. പക്ഷേ അതിന്റെ ഉദ്ദേശശുദ്ധിയുടെയും ആത്മാർത്ഥതയുടെയും

കാര്യത്തിലാണ് തക്കം. യുവജനതയുടെ പ്രതി ജ്ഞാബദ്ധതയിൽ ആത്മാർത്ഥത കറഞ്ഞിട്ടുണ്ടെങ്കിൽ തീർച്ചയായും അതു് സാഹചര്യത്തിന്റെ സമ്മർദ്ദം മൂലമാണു്. തൊഴിൽപ്രശ്നമാണു് ഇന്നു് യുവജനതയെ ഏറ്റവും കൂടുതൽ അലട്ടുന്നതു്. ശാശ്വതമായ ഒരു വരുമാനമാർഗ്ഗത്തെക്കുറിച്ചു് ചിന്തിക്കുമ്പോഴും, നിലനിൽപ്പിന്റെ പ്രശ്നത്തിലേയ്ക്കു് കടക്കുമ്പോഴും ശോഭനമായ ഒരു ഭാവിയെക്കുറിച്ചു് ചിന്തിക്കുമ്പോഴും യുവജനത അസ്വസ്ഥരാകുന്നു—ഈ സാഹചര്യത്തിൽ അവർക്കെങ്ങനെ സമൂഹത്തോടു് ആദർശാത്മകവും കൂറുപുലർത്തുവാൻ സാധിക്കും. അപ്പോഴും യുവജനതാ അസ്വസ്ഥത കാലഘട്ടത്തിന്റെ ഉൽപ്പന്നമാണു് എന്നപറയുന്നതിൽ അർത്ഥമുണ്ടു്. ഭാവിയുടെ കാര്യത്തിൽ ഉള്ള സുരക്ഷിതത്വബോധമില്ലായ്മയെക്കുറിച്ചു് ചിന്തിക്കുമ്പോഴാണു് ഒരു യഥാർത്ഥ സോഷ്യലിസ്റ്റു് സമൂഹത്തിന്റെ ആവശ്യകതയെക്കുറിച്ചു് അവർ ചിന്തിക്കുന്നതു്. ഇനി അസ്വസ്ഥതയെക്കുറിച്ചു് പഠിക്കുമ്പോഴും നാം ഒരു കാര്യം മനസ്സിലാക്കണം — അസ്വസ്ഥത പലതരത്തിലുണ്ടാവാം. മേൽപ്പറഞ്ഞ വിധത്തിലുള്ള അസ്വസ്ഥത നിലനിൽക്കുമ്പോഴും ഭാവിയുടെ ഉത്കണ്ഠാകുലമാണു്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ സാമൂഹിക അസ്വസ്ഥത പ്രയോജനം ചെയ്യുന്നതായും കാണാം. അതായതു് ജനങ്ങളിൽ പൊതുവായി ഒരു ദേശീയതാബോധം ജനിപ്പിക്കുന്നതിനു് ചിലപ്പോഴും ചെറിയ തോതിലുള്ള അസ്വസ്ഥത സഹായകമാകുന്നതായി ക്കാണാം. പക്ഷേ ഇങ്ങനെയുള്ള സന്ദർഭങ്ങൾ വളരെ വിരളവും എളുപ്പത്തിൽ തെറ്റിദ്ധരിക്കപ്പെടാൻ സാദ്ധ്യതയുള്ളതുമാണു്.

ഇനി യുവജനാസ്വസ്ഥതയ്ക്കു് നല്ല ഒരു പരിധിവരെ യുവജനങ്ങൾതന്നെയാണു് കാരണക്കാർ എന്ന ആക്ഷേപത്തിൽ തീർച്ചയായും കഴമ്പുണ്ടു്. ഇതു നു പ്രധാന കാരണമായിക്കാണുന്നതു്—ഇന്നു യുവജനങ്ങൾക്കു് സ്വതന്ത്രമായി ചിന്തിക്കുവാൻ കഴിയുന്നില്ല എന്നതാണു്. ഒരു കാര്യം യഥാസമയം തെറ്റോ ശരിയോ എന്നു വിധിക്കുവാൻ ഉള്ള കഴിവു് ഇന്നു് പല സാമൂഹ്യ മിഥ്യകളാലും മൂടപ്പെട്ടിരിക്കുകയാണു്. സംഘടനാപരമായ സ്വാധീനം, രാഷ്ട്രീയവും മതപരവുമായ സ്വാധീനം എന്നിവ ഇന്നു് അതിന്റെ പരകോടിയിലാണു്. സംഘടനയുടെ പേരിൽ, മതത്തിന്റെ പേരിൽ, രാഷ്ട്രീയത്തിന്റെ പേരിൽ സ്വന്തം കൂടപ്പിറപ്പിന്റെ കഴുത്തു ഞെരിക്കാൻ തയ്യാറായി നില്ക്കുകയാണു് ഇന്നത്തെ യുവജനത. വ്യർത്ഥമായ ചില ആദർശങ്ങളാണു് ഇന്നവരെ നയിക്കുന്നതു്. സ്വന്തം വ്യക്തിത്വമല്ല. ഏന്നാൽ പണ്ടുകാലത്തെ അപേക്ഷിച്ചു് സ്വതന്ത്രമായി ചിന്തിക്കുവാനുള്ള സാഹചര്യങ്ങളാം ഇന്നു കൂടുതലാണു്—പ്രത്യേകിച്ചു് സ്വാതന്ത്ര്യം ഏറിവരുന്ന ഈ കാലഘട്ടത്തിൽ.

അപ്പോഴും ഇവിടെ മനസ്സിലാക്കുവാൻ ഏറ്റവും ബുദ്ധിമുട്ടുള്ള സംഗതി ഇതാണു്—വ്യക്തികം സ്വാതന്ത്ര്യമാണു് എന്നു് മുദ്രകുത്തപ്പെട്ട ഇന്നു് എന്തുകൊണ്ടു് സാമൂഹിക നന്മയുടെ കാര്യം വരുമ്പോഴും സമൂഹത്തോടുള്ള പ്രതിജ്ഞാബദ്ധതയുടെ കാര്യം വരുമ്പോഴും സ്വതന്ത്രമായി ചിന്തിക്കുവാനും തീരുമാനങ്ങളെടുക്കുവാനും വ്യക്തിക്കു് കഴിയുന്നില്ല. അങ്ങനെ ഈ പ്രത്യേക അവസ്ഥയിൽ വ്യക്തിയല്ല മറിച്ചു് സംഘടനയാണു് ഇന്നു് നിലനിൽക്കുന്നതു് എന്നു പറയുന്നതാണു് കൂടുതൽ ശരി. അപ്പോഴും ഈ പോക്കു് അപകടകരമാണു്. യുവജനത ഇന്നു് അകപ്പെട്ടിരിക്കുന്ന ദുഷിതവലയത്തിൽനിന്നും അവർ മോചിതരാവണം. അതിനു് ഏറ്റവും ആവശ്യമായിരിക്കുന്നതു് അവരുടെ പ്രയത്നമാണു് — ഒപ്പം സമൂഹത്തിലെ മറ്റു് വിഭാഗങ്ങളുടെ നിസ്വാർത്ഥമായ പിന്തുണയും. പോരായ്മകളില്ലാത്ത, തികച്ചും അനുകൂലമായ സാഹചര്യം അതിനു് ഒരിക്കലും സൃഷ്ടിക്കപ്പെടുകയില്ല. പോരായ്മകളറിഞ്ഞുകൊണ്ടുതന്നെ പരിമിതികളിൽ തുടങ്ങിനിന്നുകൊണ്ടുതന്നെ വിജയം വരിക്കണം. അതിനു യുവജനങ്ങളുടെ ഭാഗത്തുനിന്നും ആദ്യമായി ഉണ്ടാകേണ്ടതു്—ഒരു സംഘടനയുടെയും മതത്തിന്റെയും പിണിയാളുകളാകാതെ സ്വതന്ത്രമായി, നിസ്വാർത്ഥരായി, ക്രിയാത്മകമായി ചിന്തിക്കുവാൻ ഓരോ യുവാവിനും യുവതിക്കും കഴിയുവാൻ സാധിക്കുകയാണു്. ഒപ്പം സമൂഹത്തിലെ മുതിർന്നവർ കെട്ടുറപ്പുള്ള ഒരു സമൂഹത്തെ ലക്ഷ്യംവച്ചുകൊണ്ടു് ഉന്മേഷവാന്മാരായ ഒരു യുവതലമുറയെ വാർത്തെടുക്കുവാൻവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടണം—ഇതിനേറ്റവും ആവശ്യമായുള്ളതു് വിദ്യാഭ്യാസരംഗത്തെ അഴിച്ചുപണികളാണു്. തികച്ചും ഉന്മേഷവാന്മാരായ ഒരു യുവതലമുറയിലൂടെ മാത്രമെ ശാശ്വതമായ, കെട്ടുറപ്പുള്ള ഒരു സമൂഹം സംജാതമാവുകയുള്ളു.



TV TV TV

സജി എബ്രഹാം I P.D.C.

''ഈ മനുഷ്യനെക്കൊണ്ട് ഞാൻ തോറ്റു. എന്നാലും എന്റെ കർത്താവേ എന്നോടിതു വേണ്ടായിരുന്നു. ഈ പരമദ്രോഹിയുടെ അല്ലാതെ വേറെ ആരുടെയെങ്കിലും തലയിൽ എന്നെ പിടിച്ചു വയ്ക്കാൻ പാടില്ലായിരുന്നോ''? മറിയാമ്മ വിലപിച്ചു.

പതിവുപോലെ ഈ പല്ലവിയും കേട്ടുകൊണ്ടു ഞാനുറക്കമുണർന്നു.

എന്തോന്നാടീ കൊച്ചുവെളുപ്പാൻകാലത്തു് കിടന്നു തൊള്ള തുറക്കുന്നതു് എന്നു് ചോദിക്കാനാഞ്ഞെങ്കിലും വീട്ടിലെ ക്രമസമാധാനനില വഷളാകാതെ സൂക്ഷിക്കാൻകൂടി ബാദ്ധ്യതയുള്ള ഈയുള്ളവൻ ചോദിച്ചതു് 'എന്താടീ' എന്നു മാത്രം. 'കന്തം' എന്നു് മുട്ടത്തടിച്ചതുപോലെ അതിനുത്തരവും കിട്ടി.

'ശ്ശൊ! ഇങ്ങനെയൊരു മനുഷ്യൻ' — അവധി ഡയലോഗ് തുടരുകയാണു്.

'ദേ, മുഖത്തു് കണ്ണുണ്ടായാൽ മാത്രം പോരാ'

'പിന്നെ.'

'എന്നെക്കൊണ്ടെന്തും പറയിക്കരുതു്.'

ഇന്നു് വീട്ടിലെ ക്രമസമാധാനനില തകർന്നതു് തന്നെ. ഒരു നൂറിനുമല്ലത്തിനുമല്ല പ്രഖ്യാപിച്ചാലോ.

'എടീ, അതിനു് ഞാനിപ്പോ എന്തോ കണ്ടില്ലെന്നാ'?

'ദേ! മനുഷ്യാ എന്റെ നാക്കു് പൊറിഞ്ഞു വരുന്നുണ്ടു്, ഞാൻ വല്ലതും പറയും.'

'നീ പറഞ്ഞോടീ, പറയാതെ ഞാനെങ്ങനെയാ അറിയുന്നതു്.'

അവധം അവളുടെ മാരകായുധങ്ങളുടെ കെട്ടഴിച്ചു. ക്രമസമാധാനനില താറുമാറാകുമെന്നു സാരം.

അവധം കണ്ണാമത്തെ ആയുധമെടുത്തു മുഖവും വീർപ്പിച്ചുകൊണ്ടു് ബെഡ്റൂമിൽനിന്നു് അവളുടെ ഭരണപരിധിയായ അടുക്കളയിലേയ്ക്കു് ഒരു വാക്കൗട്ട് നടത്തി. വെറുതെ അങ്ങു പോയാൽ എനിക്കു പുല്ലായിരുന്നു. ഞാനിതു് എത്ര കണ്ടതാ. പക്ഷെ അവധം രാവിലെ എനിക്കു കൊണ്ടുവന്ന ബെഡ്കോഫിയും തിരിച്ചുകൊണ്ടുപോയി.

എനിക്കു് രാവിലെ ഒരു കാപ്പി നിർബ്ബന്ധമാണു്. എന്തുചെയ്യാം; രാവിലെ അവളുടെ കാലുപിടിക്കുകതന്നെ. പോലീസ് സ്റ്റേഷനിൽ കക്കാൻ കയറുന്ന കള്ളന്റെ സൂക്ഷ്മതയോടുകൂടി ഞാൻ അടുക്കളയിൽ കയറി. ഠിം.... എന്റെ കൈ അറിയാതെകൊണ്ടു്, അവളുടെ ചേച്ചി ബോംബെയിൽനിന്നുകൊണ്ടുവന്ന ടീസെറ്റ് താഴെ. അതു താഴെ വീണ ഒച്ചയേക്കാളും ഉറക്കെ അവളുടെ കാറിച്ച മുഴങ്ങികേട്ടു. മോങ്ങാനിരുന്ന പട്ടിയുടെ തലയിൽ തേങ്ങാ വീണെന്നു കേട്ടിട്ടേയുള്ളു. ഇനിയിപ്പം രക്ഷയില്ല.

'എന്റെടീ നീ കരയാതെ. നിനക്കിതുപോലെ നാലെണ്ണം വാങ്ങിച്ചുതരാം.'

'ങാ, കൊണ്ടുത്തരും. കല്യാണം കഴിഞ്ഞതിന്റെ പിറ്റേന്നു് നിങ്ങളിതുപോലെ ഏതോ സൂത്രം നാലെണ്ണംകൊണ്ടുവന്നു തരാമെന്നു പറഞ്ഞതാ. എന്നിട്ട് ഇപ്പം കല്യാണം കഴിഞ്ഞിട്ടു് വർഷം പതിനാലായി. നിങ്ങടെ എനിക്കു് ആകെപ്പാടെ തന്നിട്ടുള്ളതു് നാലു കളന്തകളെ'.

സംഗതി ശരിയാണു്. മധുവിധു കാലത്തു് ഞാനവളോടു പറഞ്ഞതായിരുന്നു എന്റെ കൂട്ടുകാരൻ ഗൾഫിൽനിന്നും വരുമ്പോ നാലു ഷെയ്ക്കിനെ കൊണ്ടുത്തരാമെന്നു്. അന്നേരം ഞാനോർ

ത്തോ അവളിതു് ഓത്തിരിക്കുമെന്നു്. വെറുതെ യല്ല കാരണവന്മാരു് പറയുന്നതു് — ഒരരിശം വന്നാൽ കൈനഖറിൽച്ചാടാം. എന്നാൽ ഏഴു് അരിശം വന്നാലും അവിടെനിന്നു തിരിച്ചു കേറിപ്പോരാനൊക്കുമോ?'

'എടീ ഞാനതു ....അല്ല.... ഒരു തമാശയ്ക്കു് പറഞ്ഞതല്ലേ'.

'നിങ്ങടെങ്കു് എല്ലാം തമാശയാ'.

അതും പറഞ്ഞു് അവളെ ഒറക്കരച്ചിൽ — അടുത്ത ആയുധം.

ഇനി ഇപ്പം അല്പം താണുകൊടുത്തില്ലെങ്കിൽ കാര്യം കഴപ്പത്തിലാകും. കാര്യം നിസ്സാരമാണെങ്കിലും പ്രശ്നം ഗുരുതരമാണല്ലോ. വിട്ടുവീഴ്ചയും അതിനെത്തുടർന്നു ക്ഷീണദൗർലഭ്യവും ഉണ്ടാകും. അതിന്റെ പൊറകെ അവളും ബാക്കി നാലെണ്ണവും കൂടി ഈ പാവം തന്തയുടെ മക്കടെമുഷ്കു് അവസാനിപ്പിക്കണമെന്നു് പറഞ്ഞു മദ്ധ്യവാക്യവും തുടങ്ങും. പയ്യെ പയ്യെ അതു് പഞ്ചാബു് പ്രശ്നംപോലെ രൂക്ഷമാകുകയും ഒടുവിൽ ഇന്ദിരാഗാന്ധിക്കു സംഭവിച്ചതുപോലെ ഞാൻ 'രക്തസാക്ഷി' ആവുകയും ചെയ്യും.

ഇതിനൊക്കെമുമ്പു് രാജീവ് സ്റ്റൈലിൽ പ്രശ്നങ്ങളൊക്കെ തുടക്കാം. 'എടീ നീ നിന്നെ ചീപ്പാതെ കാര്യം പറ.'

'ദേ മനുഷ്യാ നിങ്ങളു കണ്ടോ അപ്പുറത്തെ ചേന്നപ്പുലയന്റെ വീട്ടിലും ടെലിവിഷൻ വാങ്ങിച്ചു.'

'ടെലിവിഷൻ'.

ആ വാക്കു് കേക്കുമ്പോഴേയ്ക്കു് എന്നിക്കു് എന്റെ ഹൃദയം സ്തംഭിച്ചതായി തോന്നി. ഓഫീസിലെ സഹപ്രവർത്തകരൊക്കെ - എന്തിനേറെ 'ക്ലാസ് ഫോർ ജീവനക്കാരനായ കുട്ടൻപിള്ളവരെ തലേദിവസം ഈ 'ടെലിവിഷത്തിൽ' കണ്ട കാര്യങ്ങളെക്കുറിച്ചു് കുലംകഷമായി ചർച്ചചെയ്യുമ്പോഴും ഈയുള്ളവൻ പതുക്കെ കാറ്റുകൊള്ളാനോ കാപ്പി കുടിക്കാനോ എന്ന മട്ടിലൊക്കെ പുറത്തേയ്ക്കിറങ്ങുകയാണു് പതിവു്. അന്നേരമൊക്കെ ഒരു നേർച്ചനേരും 'എന്റെ പൊന്നു ഗീവർഗ്ഗീസു് പുണ്യാളച്ചാ എന്റെ പെമ്പ്രന്നോരു് ടെലിവിഷൻ വേണമെന്നു് പറഞ്ഞു് വിട്ടുവീഴ്ചയുണ്ടാക്കല്ലേ' എന്നു്. ഉണ്ടാക്കിയില്ലെങ്കിൽ ടെലിവിഷന്റെ പടമുള്ള കുട്ടിൽ ഒരു ഇരുപതു് മെഴുകുതിരി വാങ്ങിച്ചു് പള്ളിയിൽ വച്ചേക്കാമെന്നു്.

'ദേ, മനുഷ്യാ ഞാൻ പറഞ്ഞതു നിങ്ങടെ കേട്ടോ'.

ഞാൻ ചിന്തയിൽനിന്നു ഞെട്ടിയുണർന്നു.

'ആ ചേന്നൻ പുലയന്റെ തള്ള എന്റെ മുഖത്തു നോക്കി പറയുവാ ഞങ്ങളും ടി. ബി. വാങ്ങിച്ചെന്നു്. അതു കേട്ടപ്പോ എന്റെ തൊലി ഉരിഞ്ഞുപോകുന്നതുപോലെ തോന്നി.'

നിന്റെ തൊലി അങ്ങനെയൊന്നും ഉരിയുകേല. കാണ്ടാമൃഗത്തിന്റെ തൊലിക്കട്ടിയല്ലെ എന്നു് പറയാൻ ഞാൻ നാക്കു വളച്ചെങ്കിലും അവളുടെ മുഖം കണ്ടപ്പോഴും അതു വേണ്ടെന്നു വച്ചു.

അതുകൊണ്ടു് ഇന്നു വൈകുന്നേരം വരുമ്പോഴും എവിടുന്നെങ്കിലും ഒരു ടി. ബി. സംഘടിപ്പിച്ചു കൊണ്ടുവരണം.'

'ശ്ശെടാ! ഇതേതുണ്ടു് ചന്തേപ്പോയി മീൻ വാങ്ങിച്ചുകൊണ്ടുവരണമെന്നു പറയുന്നതുപോലെയുണ്ടല്ലോ. നിന്റെ അപ്പൻ അവടെ ടി. ബി. യും വച്ചോണ്ടിരിപ്പുണ്ടോടി പെല്ലുസാറേ എടുത്തിങ്ങു തരാൻ. എന്നെക്കൊണ്ടൊന്നും പറയിക്കണ്ടാ.'

അവളും മാറത്തടിച്ചു കരയാൻ തുടങ്ങി. 'നിങ്ങടെ എന്റെ അപ്പനും വിളിക്കാൻ തുടങ്ങിയല്ലെ. എനിക്കപ്പഴേ സംശയമുണ്ടായിരുന്നു നിങ്ങൾക്കു് മറ്റാരോടോ സ്നേഹമാണെന്നു്. പിന്നെന്തിനാ എന്റെ കൂടെ വന്നതു്. അവളുടെ കൂടെ പ്പോയി തമസിച്ചാൽ പോരായിരുന്നോ'.

അവളും അലമുറയിടാൻ തുടങ്ങി.

'എടീ പണ്ടാരടങ്ങാനെക്കൊണ്ടു് നീയൊന്നു മിണ്ടാതിരിക്കെടീ. വല്ലവരും കേട്ടാലെന്തു വിചാരിക്കും.'

'എല്ലാവരും അറിയട്ടെ നിങ്ങടെ കൊണവതിയാരം'.

'എടീ നീയെന്നു് അടങ്ങു്. ഞാൻ എവിടുന്നെങ്കിലും ഒരെണ്ണം കൊണ്ടുവരാം.'

അതു കേട്ടപ്പോഴും അവളുടെ മുഖം മഴപെയ്തു കഴിഞ്ഞ ആകാശംപോലെ തെളിഞ്ഞു. അപ്പോഴും അവൾ ചിരിച്ച ചിരിയുടെ ഏഴയലോക്കത്തു പോലും വരത്തില്ല, നമ്മുടെ മന്ത്രിമുഖ്യന്റെ ചിരി.

ഇനിയിപ്പോ എന്താ ചെയ്ക. ഏറ്റു പോയില്ലേ. കാശ്രു വേണ്ടേ. കേന്ദ്രഗവണ്മെന്റാണെങ്കിൽ നോട്ടടിച്ചുണ്ടാക്കാം. സംസ്ഥാന ഗവണ്മെന്റാണെങ്കിൽ ശമ്പളവർദ്ധനവു പ്രഖ്യാപിച്ചിട്ടു് പെൻഷനാവുമ്പോ കൊടുത്താ മതിയല്ലോ. ഈ പാവപ്പെട്ട ഞാനെന്തു ചെയ്യു? തെണ്ടാനുള്ളതു ഗതികേടിലായില്ല.

ഏതായാലും ഒരു കാര്യം ചെയ്യാമെന്നുറച്ചു. ആത്മഹത്യക്കു തുല്യമാണു്. ആത്മഹത്യ ചെയ്തില്ലെങ്കിൽ കൊലപാതകം നടത്തും. എന്നാലും പോട്ടെ. ആ അണ്ണാച്ചിയെ ഒന്നു കണ്ടുകളയാം. ആളു ബ്ലേഡ് ആണെങ്കിലും കാശു വാങ്ങിക്കാതെ രക്ഷയില്ല. അടുത്ത കൈക്കു് ഉപ്പു തേക്കാത്തവനാണു്. കാശു് തന്നാൽ തിരിച്ചു മുതലും പലിശയും പലിശയ്ക്കു പലിശയും വാങ്ങിക്കും. കാശു വാങ്ങിക്കാൻ തീരുമാനംകൊണ്ടുചെല്ലുന്നതാണു് നല്ലതു്.

ഒരുവിധത്തിൽ അണ്ണാച്ചിയുടെ കൈയിൽനിന്നു് മുവായിരത്തി അഞ്ഞൂറു് രൂപ വാങ്ങിച്ചു. അയ്യായിരം രൂപ കിട്ടിയതായി എഴുതികൊടുക്കേണ്ടി വന്നെങ്കിലും മൂന്നാഴ്ചകഴിഞ്ഞു് 5000 രൂപ തിരിച്ചുകൊടുക്കണം. മാസങ്ങളായി രട്ടിൻപുറത്തു കിടക്കുന്നേ തേങ്ങാസ്സു് വില കൂടാതിരിക്കില്ലല്ലോ? എതായാലും അവളുടെ ബുദ്ധിതന്നെയാണു് നല്ലതു്. ആക്കം വേണ്ടാതെയിരിക്കുന്നതേങ്ങയേക്കാളും ഭേദം റേ. വി. ആണല്ലോ! ഇനിയിപ്പോൾ അതുകൊണ്ടു് ഒരു ടി. വി. വാങ്ങിക്കണം.

അങ്ങനെയിരിക്കെ പത്രത്തിൽ ഒരു പരസ്യം കണ്ടു. ലുധിയാനയിൽനിന്നു് ഒരു കമ്പനിയുടെ പരസ്യമാണു്. മൂവായിരത്തിഅഞ്ഞൂറു രൂപക്കു മുകളിൽ റേ. വി. മൂവായിരത്തി അഞ്ഞൂറു രൂപ റൊക്കം അയച്ചു.

മൂന്നു് ആഴ്ച കഴിഞ്ഞു് ഒരു വലിയ പാർസൽ കിട്ടി. ഫ്രം ലുധിയാന. ഓഹ്യ പോയി അടുത്ത വീട്ടുകളിലെല്ലാം പരസ്യം ചെയ്തു: 'ഞങ്ങടെ റേ. വി. വന്നല്ലോ.'

ഞാനച്ചക്കു് ഓഫീസിൽനിന്നു വന്ന ടി. വി. വന്നെന്നു് അറിഞ്ഞു് ഞാനും സന്തോഷിച്ചു. അടുത്ത വീട്ടുകളിലെ പരദൂഷണസമാജം അഥവാ മഹിളാസമാജം അംഗങ്ങളൊട്ടു് ആടും കോഴിയും വരെയുണ്ടു് ടി. വി. കാണാൻ. ഞാൻ ആഘോഷമായിട്ടു് പാർസൽ തുറന്നു. ഒരു പാഴ്സ്സു റേ. ആ പാഴ്സ്സുറ്റും തുറന്നു. ഒരു പൊതി. ആ പൊതിയും തുറന്നു. നല്ലവണ്ണം അടുക്കിവച്ച പതിനഞ്ചു് ഇഷ്ടികകളും കണ്ടതു് ഓക്കുന്നുണ്ടു് പിന്നെ ആശുപത്രിയിൽവച്ചു് ബോധം തെളിഞ്ഞപ്പോഴും കണ്ടതു് ഒന്നുകൂടി ബോധംകെടുത്തണമെന്നു തന്നെ ഉറച്ചുകൊണ്ടുവന്നതുപോലെ നിൽക്കുന്ന അണ്ണാച്ചിയുടെ ഉഗ്രസംഹാരൻ രൂപമാണു്. "എടേയ് ശിന്നപ്പയലേ, മുന്നാഴ്ച കഴിഞ്ചിരുക്കറുതു, രുപ്പയ്കൊങ്കെ". എന്റെ ബോധം.....വീണ്ടും.....

With best compliments from

Dr. T. V. JOSE

Alphonsa Hospital

KAVALA, CHANGANACHERRY

With best compliments from

മധുരപലഹാരങ്ങളുടെ കമനീയകലവറ

SWEETINE

BAKER JUNCTION, KOTTAYAM ☐ Phone: 2742

വനം നമുക്കു നഷ്ടപ്പെടുന്നു

ജയദീപ് എ. വി. I PDC

ദുഷ്ടപിശാചുക്കൾ താണ്ഡവമാടുന്നു
വനഭൂമി മരുഭൂമിയാക്കി.
മഴുമനകളയരുന്നു—താഴുന്നു താളത്തിൽ
തുടരുന്നു ഘോരമാം നൃത്തം.
ഹരിതാതോളം പിടിക്കുന്ന സുന്ദരമാം
കടൈന്ന സ്വപ്നം മറയ്വു
ആനന്ദമകന്നയീയൊരു സ്വപ്നത്തിൽ
കോൺക്രീറു ഭൂതം കടന്നു.
ചില്ലയുടെ തുമ്പിൽ, കിളിക്കൂടിൻ സ്ഥാനത്തു
മനസ്സിലൊരു ശൂന്യത മാത്രം!
ചില്ലകളയത്തിട്ടായ്ക്കായിക്കേഴുന്ന
പാവം! മരങ്ങളുടെ കീഴേ
ഒരുപിടിക്കാശിനായ്ക്കോടാലി വെയ്ക്കോർതൻ
ഹൃദയമിരുട്ടറയാണോ?
മഴുവാൽ മരം വെട്ടി, യതുതൻ തടികൊണ്ടു
തൻ ശവപ്പെട്ടികയും തീർപ്പു!
വെട്ടുന്ന ചില്ലകളിലോരോന്നും തങ്ങളുടെ
പട്ടടയിൽച്ചേരുവാനത്രേ!
കൂടുകയും നഷ്ടമായ്ക്കേഴുന്ന കിളികളുടെ—
ദയനീയ രോദനം കേൾക്കേ
അതിനെ ശ്രവിക്കാനായ്ത്തുനിയാത്ത കൂട്ടരുടെ
കർണ്ണങ്ങളും ബധിരങ്ങളാണോ?
ആദികവികണ്ടയാക്രൗഞ്ചമിഥുനങ്ങളിനി—
യെവിടെപ്പറന്നുല്ലസിയ്ക്കും?
ജനനി ധരിത്രിതൻ പട്ടടയാടയെ—
ച്ചീന്തുവോർ ഭ്രാന്തർ താനല്ലോ.
സുഗതകുമാരിയുടെ രോഷപ്രരോദനം
പോലുമിവർ കഷ്ടം! ഹാ! കേട്ടതില്ലാ
ഒടുവിൽ ജയിക്കുന്നതാര്? ഇവരാണോ?
പ്രകൃതിയും സുഗതയുമാണോ?
ഉത്തരം സത്യമാണെന്നും!

('വനം നമുക്കു നഷ്ടപ്പെടുന്നു' എന്ന വിഷയത്തെ ആസ്പദമാക്കി സഹൃദയ ആർട്ട്സ് കോമ്പറേഷനോടനുബന്ധിച്ചു നടത്തപ്പെട്ട കവിതാരചനാമത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കവിത.)

ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു്!

പ്രൊഫ. സ്സക്കറിയാ

തലക്കെട്ടിലെ ആശ്ചര്യചിഹ്നം ബോധപൂർവം ചേർത്തതാണു്. ഇന്നത്തെ നാട്ടുനടപ്പനുസരിച്ചു് കമ്മ്യൂ, കോമ, സെമിക്കോളൺ, കോളൺ, ഡാഷ് തുടങ്ങിയവയെല്ലാം ആക്ഷേപവിമർശനങ്ങൾക്കു് ഉപയോഗിക്കാം എന്നുള്ളതുകൊണ്ടാണു് ഇക്കാര്യം എടുത്തുപറഞ്ഞതു്. അപ്പോൾ ചോദ്യമുണ്ടു്. എന്തിനു് ആശ്ചര്യചിഹ്നം? അങ്ങനെ ചോദിക്കൂ; പറയാം. 'ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു കടക്കുന്ന ഭാരതം', 'ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു നയിക്കുന്ന നേതാവു്' എന്നെല്ലാം പറയുന്നതിൽ പന്തികേടുണ്ടെന്നാണു് ഇയ്യുള്ളവന്റെ അഭിപ്രായം. ഇരുപത്തൊന്നാം നൂറ്റാണ്ടു തുടങ്ങാൻ ഇനി നീണ്ട പതിനഞ്ചു വത്സരമുണ്ടു്; അതേ നീണ്ട പതിനഞ്ചു വത്സരം. എസ്. ബി. കോളജിൽ ഇന്നു ഓടിച്ചാടി നടക്കുന്ന പുണ്ണക്കുട്ടന്മാരെല്ലാം ഇരുപതാം നൂറ്റാണ്ടിലായിരിക്കും തൊഴിൽ കമ്പോളത്തിൽ എത്തുക; ഇവരിൽ ഭൂരിപക്ഷവും ഇരുപതാം നൂറ്റാണ്ടിൽ വിവാഹിതരായി കുടുംബജീവിതം തുടങ്ങുകയും ചെയ്യും. ഇന്നോളം ഭാരതത്തിൽ ജനിച്ചിട്ടുള്ള കുട്ടികൾക്കൊക്കെ പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും ഇരുപതാം നൂറ്റാണ്ടിലായിരിക്കും. ഇന്നു വിവിധ തൊഴിൽരംഗങ്ങളിൽ പ്രവർത്തിക്കുന്നവരിൽ 50 ശതമാനമെങ്കിലും ഇരുപതാം നൂറ്റാണ്ടിൽതന്നെ വിശ്രമജീവിതത്തിലേക്കു പ്രവേശിക്കുകയും ചെയ്യും. 'ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു നമ്മെ നയിക്കുന്ന' എന്നു പറയുന്ന രാജീവ്ഗാന്ധി ഇരുപത്തൊന്നാം നൂറ്റാണ്ടിലെത്തും മുമ്പു മൂന്നു പൊതുതെരഞ്ഞെടുപ്പുകളെയെങ്കിലും നേരിടേണ്ടിവരും. ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു ഇന്ത്യയെ ആരു നയിക്കണം എന്നു തീരുമാനിക്കാൻ ഇന്ത്യൻ ജനതയ്ക്കു മുന്നു പ്രാവശ്യമെങ്കിലും ഉണ്ടെന്നു സാരം. 'പൊതുജനം കഴുതയാണെ'ന്നു വിശ്വസിച്ചാലും, 'പട്ടപാട്ടൊന്നു പാടാത്ത കഴുതയില്ല' എന്നു പൊല്ലും ഓർക്കുന്നതുനല്ലതു്. ഏതായാലും ഇരുപതാം നൂറ്റാണ്ടിന്റെ ശേഷിക്കുന്ന വത്സരങ്ങളും പലരും കരുതുംപോലെ അഗണ്യമായ വിധം ഹ്രസ്വമോ അപ്രധാനമോ അല്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തെ പതിനഞ്ചു വത്സരങ്ങളുടെ പതിന്മടങ്ങു വലുപ്പമുണ്ടു് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തെ പതിനഞ്ചു വത്സരങ്ങൾക്കു് എന്നു ഞാൻ വിശ്വസിക്കുന്നു. എന്തു നിങ്ങളും യോജിക്കുന്നില്ലേ? ഏതായാലും എന്റെ യുക്തി പറയാം. പത്തൊമ്പതാം നൂറ്റാണ്ടു എന്ന നൂറു വത്സരത്തിനുള്ളിൽ സംഭവിച്ചതിലധികം മാറ്റങ്ങൾ അടുത്ത പതിനഞ്ചു വത്സരത്തിനുള്ളിലുണ്ടാകും. ശാസ്ത്രസാങ്കേതികരംഗത്തുണ്ടാകുന്ന ചില മുന്നേറ്റങ്ങൾ എന്തെന്തു പരിവർത്തനതരംഗങ്ങളാണു സൃഷ്ടിക്കുക എന്നു അനുഭവിച്ചറിയുന്നവരാണു നമ്മൾ. മനുഷ്യന്റെ കഴിഞ്ഞ അയ്യായിരം വർഷത്തെ ചരിത്രത്തെ ശരാശരി 62 വത്സരം വീതമുള്ള തലമുറകളായി വിഭജിച്ചാൽ എണ്ണൂറാമത്തെ തലമുറയാണു് ഇന്നു ജീവിക്കുന്നതെന്നും ഈ തലമുറയുടെ കാലത്തുണ്ടായതു മാറ്റങ്ങളും മനുഷ്യന്റെ പൂർവചരിത്രത്തിൽ മുഴുവൻകൂടി ഉണ്ടായിട്ടില്ലെന്നും വാദിക്കുന്ന ആൽവിൻ റോഹ്ഫ്ളർ പതിനൊന്നാം വയസ്സിൽ വാർദ്ധക്യസഹജമായ രോഗങ്ങളാൽ മരണമടഞ്ഞ ബാലനാണു് വർത്തമാനകാലത്തിന്റെ പ്രതീകം എന്നു പറയുന്നു. (Future Shock 1970, Chapter Two, P. 27) റോഹ്ഫ്ളറുടെ പുസ്തകത്തിൽനിന്നു് ഒരു ഭാഗം ഉദ്ധരിക്കട്ടെ:

'But the final qualitative difference between this and all previous lifetimes is the one most easily overlooked. For we have not merely extended the scope and scale of change, we have radically altered its pace, have in our time released a totally real Social force—a stream of change so accelerated that it influences our sense of time, revolutionises the tempo of daily life and affects the very way we "feel" the world around us. We no longer "feel" life as men did in the Past... For this acceleration lies behind the impermanence—the transcience—that penetrates and tinctuses our consciousness, radically affecting the way we relate to other people, to things, to the entire universe of ideas, art and values.' Future shock P 25. മാറ്റത്തിന്റെ വേഗത്തെക്കുറിച്ചുള്ള ഈ അവബോധം ഉൾക്കൊള്ളാൻ കഴി

ഞ്ഞു എന്നതാണ്" രാജീവ്ഗാന്ധിയുടെ നേതൃത്വത്തിലുള്ള പുതിയ ഗവണ്മെൻറിൻെറ മൗലികമായ നേട്ടം. 'വിദ്യാഭ്യാസത്തിൻെറ വെല്ലുവിളി' എന്ന നയപ്രഖ്യാപന രേഖയിലൂടനീളം ഈ അവബോധം പ്രകടമാണ്. ആ രേഖയുടെ ആമുഖത്തിൽ ഇങ്ങനെ കാണുന്നു:

"The country now stands as the threshold of twentieth century. Those who are being born now will finish their elementary schooling at the turn of the century and enter in to a world which will, it is already clear offer opportunities unprecedentel in in the history of mankind to those who are equipped to cope with the future challanges and the accelerating pace of change."

മാറ്റത്തിൻെറ കുത്തൊഴുക്കിൽ ശാസ്ത്രീയമായി ആത്മാവബോധത്തോടെ തുഴഞ്ഞു മുന്നേറാൻ കഴിയുന്നവർക്കുള്ളതാണ് നാവിയുടെ മധുരഫലങ്ങൾ എന്ന പ്രസ്താവം, അതാണ് നാം ശ്രദ്ധിക്കേണ്ടത്.

ഇരുപതാം നൂറാണ്ടിൻെറ അന്ത്യവത്സരങ്ങളിൽ ജീവിതായോധനം സമർത്ഥമായി നടത്താൻ കഴിയണമെങ്കിൽ ഭാവിക്കുതകുന്ന പരിശീലനം ആവശ്യമാണ്. ആശയ പ്രചുരവും സാങ്കേതികവിദ്യാനിഷ്ഠവുമായ ഒരു സമൂഹത്തിൽ, ദ്രുഗതിയിലുള്ള പരിണാമങ്ങൾക്കൊത്തു ജീവിക്കാൻ കഴിയണമെങ്കിൽ ഏറെ കാര്യങ്ങൾ പഠിച്ചുവച്ചതുകൊണ്ടായില്ല, ഇന്നു പഠിച്ചുവയ്ക്കുന്ന പലതും നാളെ അപ്രസക്തമായിത്തീരും. അപ്രസക്തമാകുന്നവയെ ഉപേക്ഷിച്ച് പുതിയവ ഉൾക്കൊള്ളാനുള്ള പരിവർത്തനശേഷി (adaptability) നമുക്കുണ്ടാകണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ എന്തെല്ലാം പഠിച്ചുകഴിഞ്ഞു എന്നതു സാരമായ പ്രശ്നമല്ല, പഠിക്കാനുള്ള കഴിവു എത്രത്തോളമുണ്ട് എന്നതാണ് കൂടുതൽ പ്രസക്തം. ഇങ്ങനെ നോക്കുമ്പോൾ നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസക്രമവും അനുബന്ധപ്രവർത്തനങ്ങളും ഓവിക്കുവേണ്ടിയുള്ളതല്ല എന്നു തുറന്നു സമ്മതിക്കേണ്ടിവരും. കേവലമേറെ വസ്തുതകൾ ഓർമ്മയുടെ അറകളിൽ ശേഖരിച്ചുവയ്ക്കാനല്ലാതെ, അറിവുനേടാനുള്ള പ്രായോഗികമാർഗ്ഗങ്ങളിൽ വിശേഷിച്ചൊരു പരിശീലനവും നൽകാത്തതാണ് നമ്മുടെ വിദ്യാഭ്യാസം. സ്വന്തമായി ഒരു വാക്കിൻെറ അർത്ഥം കണ്ടുപിടിക്കാൻപോലും പരിശീലനം നേടാത്തവരാണ് നമ്മുടെ ചില ബിരുദധാരികളും. വിവിധതരം എൻസൈക്ലോപീഡിയകളിൽ രണ്ടുമൂന്നെണ്ണം കണ്ടിട്ടുള്ളവർ, വേണ്ട പേരെങ്കിലും പറയാൻ കഴിയുന്നവർ മാസ്റ്റർ ബിരുദ വിദ്യാർത്ഥികളിൽ എത്രപേരുണ്ടാകും? റഫറൻസ് സ്കിൽ (Reference Skill) അത്രപോലും വശമാക്കാൻ ഉപകരിക്കാത്ത ഒരു വിദ്യാഭ്യാസക്രമത്തിനു എങ്ങനെ വിദ്യാർത്ഥികളിൽ പരീക്ഷണകൗതുകം സൃഷ്ടിക്കാൻ കഴിയും! വിദ്യാഭ്യാസരംഗം ഇങ്ങനെ ജീർണിച്ചു കഴിയുകയാണെങ്കിലും പൊതു സമൂഹത്തിൽ വമ്പിച്ച ശാസ്ത്ര സാങ്കേതിക വിപ്ലവം നടക്കുകയാണ്. ആശയവിനിമയരംഗം പരിഗണിക്കുക. ഇലക്ട്രോണിക് കണ്ടുപിടുത്തങ്ങൾ, അച്ചടി, റേഡിയോ ടെലിവിഷൻ എന്നിവയിലൂടെയെല്ലാം ലോകസങ്കല്പത്തെത്തന്നെ ഇളക്കിമറിച്ചിരിക്കുന്നു. കാലത്തിൻെറ വെല്ലുവിളികളുടെ നേരെ കണ്ണടയ്ക്കുന്ന ഇന്നത്തെ വിദ്യാഭ്യാസക്രമത്തിൽ അകപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികളിൽ ദീർഘദൃഷ്ടിയുള്ള ഒരു ന്യൂനപക്ഷം സ്വപരിശ്രമംകൊണ്ടും സാഹസികമായ കഠിനാധ്വാനംകൊണ്ടും ഈ ജീർണിച്ച സമ്പ്രദായത്തിൻെറ പരിമിതികളെ മറികടക്കും. അവരായിരിക്കും നാളെയുടെ പതാകവാഹകർ.

With best compliments from

MATHA COLD STORAGE

KAVALAM BAZAR

CHANGANACHERRY

സഹൃദയൻ നടത്തിയ ഉപന്യാസമത്സരത്തിൽ
രണ്ടാം സമ്മാനാർഹമായ ഉപന്യാസം.



സാമ്പത്തിക സംവരണം വരണം

ജോജി കുരുവിള II D. C.

ഭാരതീയസംസ്കാരം നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ ജാതിചിന്തിനടിപ്പെട്ടിരുന്നു. ജാതിക്കനുസൃതമായി സമൂഹത്തിലെ വലിപ്പച്ചെറുപ്പം നിശ്ചയിക്കപ്പെട്ടിരുന്ന അന്നൊക്കെ ഏറ്റവും താഴേക്കിടയിലുള്ളവർക്കായിരുന്നു ഏറ്റം നിർഭാഗ്യം. അവർ മറ്റെല്ലാ ജാതിയാലും പുച്ഛിക്കപ്പെടുകയും ഭരിക്കപ്പെടുകയും ചെയ്തു. സ്വാതന്ത്ര്യത്തിനു് അല്പം മുമ്പു മാത്രമാണു് പിന്നോക്കജനതയ്ക്കുവേണ്ടി ശബ്ദം ഉയർന്നതു്.

രാജാറാം മോഹൻറായി, അംബദ്കർ, ശ്രീ നാരായണഗുരു, മഹാത്മാഗാന്ധി തുടങ്ങിയവരായിരുന്ന നവോത്ഥാനത്തിനു നേതൃത്വം കൊടുത്തതു്. അധഃസ്ഥിതരുടെ സാമ്പത്തികപരവും വിദ്യാഭ്യാസപരവുമായ താല്പര്യങ്ങൾ നിറവേറ്റാൻ രാജ്യത്തിനു് ബാദ്ധ്യതയുണ്ടു് എന്നതായിരുന്നു ഗാന്ധിജിയുടെ പ്രധാന വാദം.

1950 ജനുവരി 26-നു് പ്രാബല്യത്തിൽവന്ന ഇൻഡ്യൻഭരണഘടന ദുർബലവിഭാഗങ്ങൾക്കു് വളരെ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടു്. ഇതിൽ പിന്നോക്കസമുദായാംഗങ്ങൾക്കു് എല്ലാ തുറകളിലും നിശ്ചിതശതമാനം സീറ്റ് നീക്കിവയ്ക്കുൻ വ്യവസ്ഥയുണ്ടു്. ഈ നിയമം ആദ്യം പത്തു വർഷത്തേയ്ക്കായിരുന്നു. പിന്നീടു് 1959-ലെയും '69-ലെയും '80-ലെയും ഭരണഘടനാ ഭേദഗതികളിലൂടെ ഇതു് പത്തു വർഷം വീതം നീട്ടുകയുണ്ടായി. 1980-ലെ ഭേദഗതിയനുസരിച്ചു് 1990 ജനുവരി 25 വരെ പിന്നോക്കവിഭാഗത്തിനു് സംവരണാനുകൂല്യമുണ്ടാകും.

സമത്വസുന്ദരമായ ഒരു രാജ്യം കെട്ടിപ്പടുക്കുക: സ്വാതന്ത്ര്യഭാരതത്തിന്റെ പ്രധാനചുമതലകളിലൊന്നായിരുന്നു അതു്. ആ അവസ്ഥയിലേയ്ക്കു വേഗം അടുക്കുകയായിരുന്നു സംവരണോദ്ദേശ്യം. സംവരണംമൂലം പിന്നോക്കവിഭാഗങ്ങളിൽപ്പെട്ടവർക്കു് വിദ്യാഭ്യാസമണ്ഡലങ്ങളിലും പൊതുമേഖലാസ്ഥാപനങ്ങളിലും പ്രത്യേക പരിഗണനയുണ്ടായി. ഇവരുടെ വിദ്യാഭ്യാസം സൗജന്യമാക്കുകയും പഠനത്തിനു് സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തു.

അത്യന്തം ശോചനീയ പരിതസ്ഥിതിയിൽ കഴിഞ്ഞ ഒരു സമൂഹത്തിനു് പ്രത്യേക പരിഗണനയും പ്രോത്സാഹനങ്ങളും കൊടുത്തതു് ഒരു മനുഷ്യസ്നേഹിയെയും മുറുമുറുപ്പിച്ചില്ല. അതു് എല്ലാ വിഭാഗങ്ങളും സ്വാഗതം ചെയ്യുകയായിരുന്നു.

സാമുദായിക സംവരണനിയമം വളരെ നല്ല നേട്ടങ്ങൾ കൈവരിച്ചു എന്നതിൽ തർക്കമില്ല. അടിച്ചമർത്തപ്പെട്ട കാലഘട്ടത്തിൽനിന്നു് സ്വതന്ത്രരായി ശ്വസിക്കുവാനും അതിന്റെ സുഖം ഏറെക്കുറെ അറിയുവാനും അവസരം നൽകപ്പെട്ടതുതന്നെ പ്രധാന നേട്ടം. പിന്നോക്കവിഭാഗങ്ങളുടെ ജീവിതരീതികളും അനുദിനം പുരോഗമിക്കുന്നതു് നാം കാണുന്നുണ്ടല്ലോ. കഴിഞ്ഞ മുന്നു പതിറ്റാണ്ടുകൊണ്ടു് നമ്മുടെ സാക്ഷരതാസംഖ്യ ഗണ്യമായി — 16.7-ൽ നിന്നു് 36 ശതമാനമായി - ഉയരാനിടയായതിനും സംവരണം കാരണമായിട്ടുണ്ടു്.

സംവരണം നിലവിലായിട്ടു് മുപ്പതു വർഷം കഴിഞ്ഞിരിക്കുകയാണു്. ഇതുമൂലം അവകാശപ്പെടാവുന്ന നേട്ടങ്ങളും നേരത്തെ പറഞ്ഞുവല്ലോ. അതേസമയം അതു് മാറ്റത്തിന്റെ ഗതിക്കു് പ്രതികൂലമായി വേച്ചതു് ഒട്ടും വിസ്മരിച്ചുകൂടാ.

ഒരു വിഭാഗത്തിനു് അതു് രക്ഷകനായി വർത്തിച്ചപ്പോൾ വേറെ നല്ലൊരു സംഖ്യക്കു് അതു് ശിക്ഷ വരുത്തിയില്ലേ? ഇതാണിന്നുയർന്നുവന്നിരിക്കുന്ന ചോദ്യം. സംവരണാനുകൂല്യം ലഭിക്കാത്ത സമുദായങ്ങളുടെമേൽ ഈ വ്യവസ്ഥ അനുദിനം നിഴൽപരത്തുന്നുണ്ടെന്നതിനു് സംശയമില്ല.

കൂടുതൽ വിശദീകരിക്കാം. 1950-ൽ നിലവിൽവന്ന ഭരണഘടന പത്തുവർഷത്തേക്കാണു്

ആദ്യം സംവരണം ഏർപ്പെടുത്തിയതു്. പിന്നീടുവന്ന ഭേദഗതികളിലൂടെ അതു് 1990 വരെ നീട്ടി. ഈ കാലഘട്ടത്തിൽ ഓരോ പിന്നോക്ക സമുദായാംഗവും സംവരണാനുകൂല്യത്തിനു് അർഹനായിട്ടുണ്ടു്. ഇവിടെയാണു് നിയമത്തിന്റെ വൈകല്യം പ്രകടമാകുന്നതു്. ഈ കാലയളവിൽ വ്യക്തിക്കുണ്ടാവുന്ന മാറ്റങ്ങളൊന്നും നിയമം ബാധകമാകുന്നില്ല. സാമുദായിക സംവരണനിയമം ജാതി അടിസ്ഥാനപ്പെടുത്തിമാത്രം നിജപ്പെടുത്തിയതുകൊണ്ടാണിതു്.

ഒരു പിന്നോക്കസമുദായാംഗം വേണ്ടവണ്ണമോ അതിലധികമോ അഭിവൃദ്ധിപ്പെട്ടുകഴിഞ്ഞു് ആ വ്യക്തിക്കും കുടുംബത്തിനും സംവരണാനുകൂല്യം നിഷേധിക്കാൻ നിയമം ബലവത്തല്ല. കാലാവധി കഴിയുമ്പോളും അയാൾക്കു് ആനുകൂല്യങ്ങൾ പിടുങ്ങുന്നതിനു് എന്തു ന്യായീകരണമാണുള്ളതു്?

ഈ സ്ഥിതിവിശേഷത്തിന്റെ രൂക്ഷത കൂടുതൽ മനസ്സിലാകണമെങ്കിൽ മുന്നോക്കവിഭാഗങ്ങളായി ചിത്രീകരിക്കപ്പെട്ടവരുടെ ഇന്നത്തെ അവസ്ഥ അറിയണം. കേരളത്തിലെ ചുറ്റുപാടു് തന്നെ നോക്കാം. ഒരു കാലത്തു് ഇവിടം വാണരുളിയിരുന്ന ബ്രാഹ്മണസമുദായത്തിലെ നല്ലൊരു സംഖ്യയുടെ ഇന്നത്തെ സ്ഥിതി എത്ര പരിതാപകരമാണു്! 'ഇടിഞ്ഞില്ലങ്ങളിലും അരപ്പട്ടിണിയിലുമായ അനേകർക്കു് യാതൊരു സംരക്ഷണയും കിട്ടുന്നില്ല. മൻതലമുറപ്പെയ്ത പാപത്തിന്റെ ഫലം യുവാക്കളും തൊഴിലില്ലായ്മയിലൂടെ അനുഭവിക്കുന്നു. ക്രൈസ്തവ-നായർ സമുദായങ്ങളെയും സാമുദായിക സംവരണം നട്ടംതിരിക്കയാണു്. ഇവരുടെ ഇടയിലും ആരാലും ശ്രദ്ധിക്കപ്പെടാതെ കൊടുംദാരിദ്ര്യത്തിൽ കഴിയുന്ന വളരെപ്പേരുണ്ടു്. അങ്ങനെ മേൽജാതിക്കാർ ഇന്നു് അരക്ഷിതാവസ്ഥയിൽ വന്നെത്തിയിരിക്കുകയാണു്.

നിയമവൈകല്യം ഇത്രയും പ്രകടമാകുമ്പോൾ സാമുദായികസംവരണം ഇനിയും ദീർഘിപ്പിക്കുന്നതു് ഉചിതമായിരിക്കുമോ? അതേ സമയം സംവരണം ഉടനടി എടുത്തുകളഞ്ഞാലോ?... എല്ലാവർക്കും സ്വീകാര്യമായ ഒരു തീർപ്പാണു് കണ്ടെത്തേണ്ടതു്.

ജാതി അടിസ്ഥാനപ്പെടുത്തിയുള്ള സംവരണം ഇന്നത്തെ സാഹചര്യത്തിൽ അയുക്തമാണെന്നു് സംശയലേശമെന്യേ പറയാം. ഈ നിയമം കുറ്റമറ്റതാക്കാൻ പ്രായോഗിക വൈഷമ്യങ്ങളുണ്ടുതാനും.

''സാമ്പത്തിക സംവരണരീതി''ക്കുവേണ്ടിയുള്ള മുറവിളി അടുത്തയിടെ കൂടുതലായി ഉയർന്നുവന്നിട്ടുണ്ടു്. ഈ നിർദ്ദേശം സ്വാഗതാർഹംതന്നെ.

ഒരു വിലയിരുത്തലിനു ശ്രമിക്കാം.

വ്യക്തിയുടെ സാമ്പത്തികശേഷിക്കു് ആനുപാതികമായി സംവരണാനുകൂല്യം നൽകുന്ന സമ്പ്രദായമാണിതു്. സാമ്പത്തിക സംവരണാനുകൂല്യത്തിനു് എല്ലാ സമുദായത്തിനും അർഹതയുണ്ടായിരിക്കും. ഇതു് ആരെയും അനാവശ്യമായി പുഷ്ടിപ്പെടുത്തുകയില്ല. അർഹതയുള്ള ആരും അവഗണിക്കപ്പെടുകയുമില്ല.

സാമുദായികസംവരണം ഒരർത്ഥത്തിൽ ജാതീയ ചിന്ത വളർത്തിയിട്ടുണ്ടെന്നു പറയാം. നിർദ്ദേശിച്ച രീതിയാൽ ആ ദുഷ്യവും ഏറെ പരിഹരിക്കാനാവും. സാമുദായിക സംവരണം സമത്വാവസ്ഥയിലേയ്ക്കുള്ള ദൂരം കുറയ്ക്കാനാണുദ്ദേശിക്കപ്പെട്ടതെങ്കിലും അതു് വിപരീതാവസ്ഥയിലേക്കും പോയിട്ടുണ്ടെന്നതു് സ്പഷ്ടമാണു്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയായ സ്ഥിതിക്കു് നിലവിലിരിക്കുന്ന സംവരണരീതി അവസാനിപ്പിക്കുകയാണു് വേണ്ടതു്. ഈ വ്യവസ്ഥയുടെ കാലാവധി ഇനിയും ദീർഘിപ്പിക്കാൻ തുനിയുന്നതു് ബുദ്ധിമോശമായേ വരൂ.

സാമ്പത്തികസംവരണം കാര്യക്ഷമമായി നടപ്പാക്കിയാൽ അതു് ഇപ്പോഴും നിലനില്ക്കുന്ന പ്രശ്നങ്ങൾ ഒരുപരിധിവരെയെങ്കിലും തീർച്ചയായും കുറയ്ക്കും. അടിസ്ഥാനപരമായി ഈ സമ്പ്രദായത്തോടു് എതിർപ്പു വരാൻ കാരണമൊന്നുമില്ലതാനും.

ഈ അഭിപ്രായം പിന്നോക്കജനതയുടെ ഉയർച്ചയിലുള്ള അമർഷപ്രകടനമായി വ്യാഖ്യാനിക്കപ്പെടുമായിരിക്കുമോ? ഇല്ലെന്നു കരുതട്ടെ!

മനുഷ്യശരീരത്തിന്റെ ചില സവിശേഷതകൾ

ഒരു തുമ്മലിനു് മണിക്കൂറിൽ 160 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കാൻ കഴിയും.

നിങ്ങൾക്കു് കൂടുതൽ മമതയുള്ള കയ്യിലെ വിരലിലുള്ള നഖങ്ങളായിരിക്കും ഏളുപ്പം വളരുക.

ഒരു മനുഷ്യൻ ഓരോ മിനിറ്റിലും ഏഴര ലിറ്റർ വായു ശ്വസിക്കുന്നു.

പുഞ്ചിരിക്കാൻ 17 മസിലുകളും പ്രവർത്തിക്കുന്നു. തുറിച്ചുനോക്കാൻ 43 മസിലുകളും പ്രവർത്തിക്കുന്നു.

എഴുപത്തിരണ്ടു വയസ്സുള്ള ഒരാളിന്റെ ജീവിതകാലത്തിൽ അയാളുടെ ഹൃദയം മുന്നൂറു കോടിയിലധികം തവണ സ്പന്ദിച്ചിരിക്കണം.

ഇൻറർവ്യൂ റിപ്പോർട്ട്

നമ്മുടെ വിദ്യാർത്ഥിനികൾക്ക് ഇന്നത്തെ യുവാക്കന്മാരെപ്പറ്റിയുള്ള അഭിപ്രായമെന്ത്? എന്തൊക്കെയാണ് അവരുടെ പരാതികൾ? നമ്മുടെ ചുറ്റുമുള്ള സാമൂഹികപ്രശ്നങ്ങളോട് അവർക്കുള്ള സമീപനമെന്ത്? ഈ ചോദ്യങ്ങൾ മനസ്സിൽവച്ചുകൊണ്ടാണ് 'സഹൃദയൻ' മാസിക പെൺകുട്ടികളുമായി ഒരു ഇൻറർവ്യൂ സംഘടിപ്പിച്ചത്. ഇക്കഴിഞ്ഞ ഒക്ടോബർ 20 മുതൽ 23–ാം തീയതിവരെ അസംപ്ഷൻ കോളജിൽവച്ചു നടന്ന 'അന്താരാഷ്ട്ര യുവജന കോൺഫറൻസി'നെത്തിയ ഏതാനും വിദ്യാർത്ഥിനികളെയാണ് ഇൻറർവ്യൂവിനായി തെരഞ്ഞെടുത്തത്. കേരളത്തിൻറെ തെക്കേയറ്റത്തുനിന്നും വടക്കേയറ്റത്തുനിന്നും എത്തിയ ഈ പെൺകുട്ടികളുടെ അഭിപ്രായങ്ങൾ ശ്രദ്ധേയമാണ്.

നമ്മുടെ യുവാക്കന്മാരെപ്പറ്റി യുവതികൾക്കുള്ള അഭിപ്രായം — അതായിരുന്നു ഞങ്ങളുടെ ആദ്യത്തെ ചോദ്യം. ഭൂരിപക്ഷം പെൺകുട്ടികളും യുവാക്കന്മാരുടെ പെരുമാറ്റത്തെപ്പറ്റി മോശമായ അഭിപ്രായം പറഞ്ഞപ്പോൾ ഒരു പെൺകുട്ടി മാത്രം നല്ല അഭിപ്രായം പറഞ്ഞു. കോഴിക്കോട് പ്രൊവിഡൻസ് കോളജിൽനിന്നെത്തിയ എസ്. സീമയുടെ അഭിപ്രായത്തിൽ, ''ഇന്നത്തെ യുവാക്കൾ വിശാലമനസ്കരാണെന്നു് അവകാശപ്പെടാറുണ്ട്. എന്നാൽ അവരുടെ പ്രവർത്തികളോരോന്നും ഈ പറയപ്പെടുന്ന വിശാലമനസ്ഥിതിക്ക് എതിരുമാണ്. പെൺകുട്ടികളെ സഹജീവികളായി കാണുവാൻ പോലും അവർ പലപ്പോഴും തയ്യാറല്ല.''

തിരുവനന്തപുരം ആൻസെയിൻറ് കോളജിൽനിന്നെത്തിയ സയോണയുടെ അഭിപ്രായം മറൊരു സത്യത്തിലേയ്ക്കു വിരൽചൂണ്ടുന്നു. ''നമ്മുടെ യുവാക്കന്മാർ വളരെ ഇടുങ്ങിയ ചിന്താഗതിക്കാരാണ്.'' സയോണ തുറന്നടിച്ചു. ''അവർക്ക് 'കാമുകി'മാരായി വേഷംകെട്ടാൻ Modern girls–നെ വേണം. കുറെക്കഴിഞ്ഞ് ഈ കൂട്ടുകെട്ടിൻറെ രസമെല്ലാം തീർന്നുകഴിയുമ്പോൾ, അവർ വിവാഹംകഴിക്കുവാൻ താല്പര്യപ്പെടുന്നതാകട്ടെ, 'ശാലീനസുന്ദരികളായ' ഗ്രാമീണയുവതികളേയും! ഇങ്ങനെ ആൺകുട്ടികൾ 'double standards' കാണിക്കുന്നു.'' ആൻ സെയിൻറ്സ് കോളേജിൽനിന്നുതന്നെയെത്തിയ പാവ്വതിയുടെ അഭിപ്രായവും മറൊന്നായിരുന്നില്ല. പാവ്വതിയുടെ ദൃഷ്ടിയിൽ നമ്മുടെ യുവാക്കൾ പെരുമാറ്റത്തിൽ വളരെയധികം 'അപകടകാരികളാണ്.'

വിദ്യാർത്ഥിനികൾ പ്രതികരിക്കുന്നു

ഇനി മറെറാരു വശം. അസംപ്ഷൻ കോളേജിൽനിന്നെത്തിയ ഷൈനി മാതുവിന്റെ അഭിപ്രായം ശ്രദ്ധിക്കുക: ''നമ്മുടെ യുവാക്കന്മാർ നല്ലവരാണു്; സ്നേഹിക്കാൻ കഴിവുള്ളവരുമാണു്. അവക്കു് യുവതികളെ മനസ്സിലാക്കുന്നതിനും അംഗീകരിക്കുന്നതിനും തീർച്ചയായും കഴിയും.'' എന്നാൽ മറെറാരു വശവും ഷൈനി ചൂണ്ടിക്കാണിച്ചു. ''ഇന്നു് യുവാക്കളെ അനുവത്തിച്ചുപോരുന്ന അശ്ലീലച്ചുവയുള്ള കമൻറടികളെ അവസാനിപ്പിക്കണം. അങ്ങനെയുള്ള കമൻറടികളെ ഒരു പെൺകുട്ടിയും ഇഷ്ടപ്പെടുകയില്ല. എന്നുവച്ചു് പെൺകുട്ടികളെ കമൻറ് ഇഷ്ടപ്പെടുന്നില്ല എന്നല്ല ഇതിനർത്ഥം. അശ്ലീലച്ചുവയില്ലാത്ത, രസകരങ്ങളായ, നല്ല കമൻറുകളെ അവർ ഇഷ്ടപ്പെടുന്നു.'' പ്രൊവിഡൻസിലെ സീമയും ഈ അഭിപ്രായത്തോടു യോജിച്ചു.

ക്യാമ്പസ് രാഷ്ട്രീയത്തെപ്പറ്റിയുള്ള അടുത്ത ചോദ്യത്തിനു്, പെൺകുട്ടികളെല്ലാം തന്നെ ഒരേ അഭിപ്രായമാണു പറഞ്ഞതു്. ''ഇന്നത്തെ തരത്തിലുള്ള ക്യാമ്പസ് രാഷ്ട്രീയം നമുക്കു് ഒരുതരത്തിലും ഗുണം ചെയ്യുകില്ല'' വിദ്യാർത്ഥികളെ വേലിതിരിച്ചകറുന്നതിനും തമ്മിലടിപ്പിക്കുന്നതിനും മാത്രമേ ഇന്നത്തെ കലാലയ രാഷ്ട്രീയം പ്രയോജനപ്പെടുന്നുള്ളൂ. പിന്നെ കുറെ 'കുട്ടിനേതാക്കന്മാ'ക്കു് വിലസാനും.'' ''രാഷ്ട്രീയം എന്ന നീരാളിയുടെ പുറകെപോയി നമ്മുടെ എത്രയോ യുവാക്കളാണു് ഭാവി നശിപ്പിക്കുന്നു.'' അതുകൊണ്ടു് ഇന്നത്തെ തരത്തിലുള്ള കലാലയ രാഷ്ട്രീയം എടുത്തുകളയണം.'' അവരൊന്നായി ആവശ്യപ്പെട്ടു.

ക്യാമ്പസ് രാഷ്ട്രീയത്തിൽനിന്നും അവരുടെ ശ്രദ്ധയെ അടുത്തതായി ക്ഷണിച്ചതു് ചില സാമൂഹികപ്രശ്നങ്ങളിലേക്കാണു്. ചോദ്യം ഇതായിരുന്നു. ''ഇന്ത്യൻ സ്ത്രീത്വം അപമാനിക്കപ്പെടുന്നുണ്ടെന്നു് നിങ്ങളും കരുതുന്നുണ്ടോ? കേരളത്തിലെ അവസ്ഥയെപ്പററി എന്തുപറയുന്നു?....

സീമ പറഞ്ഞുതുടങ്ങി: ''തീർച്ചയായും. ഇന്നും ഇന്ത്യൻ സ്ത്രീത്വം അപമാനിക്കപ്പെടുന്നു. അതിൽനിന്നും തീർത്തും വിമുക്തമാക്കപ്പെട്ടിട്ടില്ല. നമ്മുടെ ഭരണഘടന സ്ത്രീക്കും പുരുഷനും സമത്വം വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും ഇന്ത്യയിലൊരിടത്തും, സ്ത്രീകൾക്കു് അർഹതയുള്ള അംഗീകാരം പുരുഷന്മാർ കൊടുക്കുന്നില്ല. സ്ത്രീധനപ്രശ്നംതന്നെ ഒരുദാഹരണമായിട്ടെടുക്കാം.... വരന്റെ കൂട്ടരും വധുവിന്റെ കൂട്ടരും തമ്മിൽ സ്ത്രീധനത്തിന്റെ പേരിൽ 'കടിപിടി' കൂടുമ്പോഴും, ഇവിടെ ഹോമിക്കപ്പെടുന്നതു്, നിങ്ങളുടെ സഹോദരിമാരായ സ്ത്രീകളുടെ വ്യക്തിത്വമാണു്. സ്ത്രീധനത്തിന്റെ പേരിൽ കത്തിക്കരിക്കപ്പെടുകയും ആത്മഹത്യചെയ്യുകയുംചെയ്യുന്ന നമ്മുടെ സഹോദരിമാരുടെ രോദനം ഇനിയും നമ്മിൽ മാററങ്ങളുണ്ടാക്കിയിട്ടില്ല....

''ഇക്കാര്യത്തിൽ കേരളത്തിന്റെ അവസ്ഥയും ഒട്ടും മെച്ചമല്ല. എങ്കിലും വിദ്യാഭ്യാസം വർദ്ധിക്കുന്നതിനനുസരിച്ചു് ആശാവഹങ്ങളായ മാററങ്ങളും ഇവിടെയുണ്ടാകുന്നുണ്ടു്.'' പാർവതിപറഞ്ഞു. പെൺകുട്ടികളും പറഞ്ഞ ശ്രദ്ധേയമായ മറെറാരു കാര്യം, ''സ്ത്രീധനം വാങ്ങിക്കുന്നതിൽ ഞങ്ങളുംക്കെതിർപ്പില്ല. പക്ഷേ അതിനു മുമ്പു് ഒരു കാര്യം മനസ്സിലാക്കണം എന്നും നല്ല ഒരു സ്ത്രീതന്നെയാണു് പുരുഷന്റെ യഥാർത്ഥ ധനം..''

യുവതികളും കോളേജു് ക്യാമ്പസിനുള്ളിൽ അടിച്ചമർത്തപ്പെടുന്നുണ്ടോ എന്നായി ഞങ്ങളുടെ അടുത്ത ചോദ്യം. പെൺകുട്ടികളുടെ അഭിപ്രായങ്ങളിൽനിന്നും സംക്ഷേപിച്ചെടുത്തതു് ഇവിടെ കുറിക്കുകയാണു്. പല മിക്സഡ് കോളേജുകളിലും, യുവതികൾക്കു് തങ്ങളുടെ കഴിവനുസരിച്ചു് ഉയരുന്നതിനുള്ള അവസരം ലഭിക്കുന്നില്ല തന്മൂലം കലാകായികരംഗങ്ങളിലും അതുപോലെയുള്ള മറു രംഗങ്ങളിലും, പെൺകുട്ടികളുടെ പ്രാതിനിധ്യം കുറയുന്നു. പെൺകുട്ടികളും വളരുവാൻ ഒരുതരത്തിലും ചില ആൺകുട്ടികളും സമ്മതിക്കുകയില്ല. ഇതു ചില ആൺകുട്ടികളുടെയെങ്കിലും അസൂയാമനോഭാവത്തെയാണു് വെളിവാക്കുന്നതു്. തന്മൂലം ഉയർന്നുവരുന്ന പെൺകുട്ടികളെ എങ്ങനെയും താഴ്ത്തിക്കെട്ടാൻ അവർ ശ്രമിക്കും.

പക്ഷെ, ഈ അടിച്ചമർത്തലുകൾകൊണ്ടു് മറെറാരു ഗുണമുണ്ടായി മറു രംഗങ്ങളിൽ പിടിച്ചുനില്ക്കാനാവാതെ വന്നപ്പോൾ പല പെൺകുട്ടികളുടെയും ശ്രദ്ധ പഠനത്തിലേക്കായി ....അടുത്തകാലത്തെ പരീക്ഷാഫലങ്ങൾ ഇതു തെളിയിക്കുന്നുവയാണു്.

സഹവിദ്യാഭ്യാസ (Co-Education)ത്തെപ്പറ്റി പെൺകുട്ടികളുടെ അഭിപ്രായമറിയാനായിരുന്നു ഞങ്ങളുടെ അടുത്ത ചോദ്യം. ഇൻറർവ്യൂവിൽ പങ്കെടുത്ത എല്ലാ പെൺകുട്ടികളും 'സഹവിദ്യാഭ്യാസം' കാലഘട്ടത്തിന്റെ ഒരു ആവശ്യമാണെന്നു് ഉറപ്പിച്ചു പറഞ്ഞു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരസ്പരം മനസ്സിലാക്കുന്നതിനും സഹകരിച്ചു പ്രവർത്തിക്കുന്നതിനും സഹവിദ്യാഭ്യാസം സഹായിക്കുന്നു. ആൺ

(ശേഷം 33–ാം പേജിൽ)

National Integration And Regionalism

Joseph Thomas Kanayamplakal,
Lecturer in Economics

Most of us believe that there are greater threats to the unity and integrity of our nation today than there were a decade back. This integrity consciousness is the product of what has been happening in some of those states which lie on the northern frontries of this country, which has been obviously given material support by some of our neighbouring countries. It is this realization of the twist in the current that has awakened us to a new consciousness of the need for protecting the unity of our nation. The Sikh terrorism in the Punjab, the Assam agitation and, the Mizo and Naga problems are pointers to the gravity of the situation. When programmes for the promotion of nationalism are being implemented on a warfoot basis on the one side, there is mushrooming regionalistic tendencies on the other. Two seemingly irreconcilable phenomena have surfaced—nationalism and regionalism. Are they irreconcilable? Or can they be reconciled? If so how? These are certain primary questions which can be answered concretly and objectively, once we find sufficient patience to delve deep into those forces that make a nation.

A nation results from the feeling of unity or oneness of a people, the prerequisites of which are community of race, religion, language and geographical contiguity. In India there is diversity of language, race and religion. Once people start thinking in terms of their own religion or their own language, regionalism is the result. That is exactly why our leaders always tell us that we are engaged in the process of nation - building and national integration.

Eminent political scientists have identified two sets of forces acting and interacting in a federation – centripetal forces and centrifugal forces. Centripetal forces and forces tending towards the centre, those forces which positively foster constructive federalism. Centrifugal forces tend to mad away from the centre, weakening the structural organization of a federation. The relative strengths of these two sets of forces determine the organizational perfection of a federation. If we feel that regionalistic tendencies are stronger and that there are threats to the unity and integrity of a nation, the natural conclusion is that

centrifugal forces are stronger than centripetal forces. India being a federation lends itself to the interplay of those forces.

The problems of federalism in the Indian context can be analyzed under two heads—the administrative and political aspect, and the financial aspect.

The administrative and political aspect of the problem is more serious, though less important. Some researchers in this field have enumerated a large number of factors that have given rise to regionalistic feelings they include the substitution of electroal politics for democratic poltics, the lumpenization and deideologization of politics and the erosion of the core of the value structure. Politics is simply winning elections. It is booth-capturing and amassing votes through any means.

Another much-debated issue is the role of regional parties within the federal framework. In a democracy political parties both national and regional have an important role to play which no one can deny for several reasons. Several regional parties might have come into existence out of local compulsions. Simply because most of them champion the cause of local development, they cannot be blindly branded as anti-nationalistic. All of them claim to have a nationalistic outlook. On their own they will be able to do little towards promoting nationalism as their province of activity is precisely delimited. But one thing is certain; they can co-operate with national parties on the basis of a programme of action, and thereby contribute immensely to national unity.

Greater decentralization in administration is one of our declared objectives. The three-tier system of panchayat Raj has not yet been implemented in all the states. Delegation of power and responsibilities to lower administrative units with a stress on their virtual autonomy, at least in certain admissible, fields, still remains a distant dream. The federal existence must become more a matter of responsibilities than of privileges, more of autonomy than of independence. The constitutional position of the Soviet Republics and the Swiss cantons demonstrate how such a thing is possible. The financil aspect of the problem needs careful analysis. The expenditure of the state governments have increased more than their revenues. The states do not have enough resources because of this imbalance created by a basic defect of the tax structure which lacks elasticity, which would serve only to deprive the economy of its built-in-stability. Greater financial autonomy for the states is possible within the framework of our present constitution. The states can be given more freedom in their taxing and spending activities. It will surely help just, prompt and efficient taxation and wise spending by the states because of direct accountability. But it is impossible to leave subjects like defence, foreign policy and macrolevel planning to the states.

The central government has larger resources than the states which can be transferred to the later to assist them implement their programmes. The mechanism of resource transfer in India works mainly through there different channels—distributive pool method, grants-in-aid and finance commissio ns. The Eighth Finance commission's report has not been welcomed by many states as some deficit states have been treated as surplus states, which naturally affects a state's claim to more grants. The expectation that the Eighth Finance commission would make drastic changes in the sharing of resources has been belied by its own report. A technical treatment of the financial aspect of the problem is outside the scope of this article and hence

(Contd. on page 33)

Prof. A. E. Augustine

Dragons in the Road

A disinterested appraisal of our education in the last three decades will reveal that we have in our country a splendid example of Parkinson's Law in operation. Huge sums of money are every year invested on higher education especially. The total outlay on education is said to be next only to the defence expenditure of the Country. Meanwhile, the numbers imbibing the so-called higher education have increased at a pace satisfying our most avaricious statistical experts. The administrative extravagances of our Universities have assumed phenomenal proportions. All the same, for all this stupendous input, the output is dishearteningly discouraging. The nation benefits little from the heavy investment it has made in spite of its poverty. The results which Universities and colleges show are not commensurate with the resources in men and money which are expended on them. The results are hardly adequate response to our hopes and expectations. By the way, by "results" I don't mean examination results. I have in mind that excellence, that proficiency, that eminence, which the country, having invested so much, has a right to expect of higher education.

The best means to assess the achievement of education are the three evaluating criteria set down long age by the Kothari Commission. They are *adequacy, dynamism, and international comparison.* Are our Universities and colleges sending out men and women who are adequate to what is demanded of them? The Kothary Report has suggested that the first degrees should bring the students to "the frontiers of knowledge". so that they are ready for research. We are all aware of the poor quality of our graduates, and we have no illusions that they are anywhere near "the frontiers of knowledge". Dynamism is the power of keeping up with the rising demand for the higher levels of knowledge, skills and character, which a modernising society requires. I regret having to say that standards in our institutions have not improved in proportion to the rising demand. As for the third criterion laid down in the Kothari Report - international comparison— well, I have had no experience at all with standards abroad. But there is no doubt that we fall far below their standards.

There is an anecdote about Oscar Wilde that once, by mistake, he walked into a lunatic asylum. As he was coming out, he observed to the gateman "I thought it was a college!" The gateman at once retorted" But sir, there is a big difference. Here we don't allow the inmates to go out unless they are definitely better. "Our Universities send out every year a progressively increasing number of graduates. Are they able to think clearly for themselves? Are they able to judge dispassionately? Are they able to put across effectively to others what they think? Are they able to seek by themselves the sources of information whenever the need arises? In brief, has their education equipped them with

these basic abilities which, according to an eminent British educationist, University education is bound up with. To be pointblank, do the undergraduates in our colleges receive any genuine education. ..... The custodians of education here pretend to be unaware of or are afraid to face squarely the disgraceful realities of the situation, the deep-rooted evils, which stultify the genuine academic up-bringing of our young men and women. Because of the ostritch attitude of these Olympians, the dangers to education- the dragons in the road- are not properly taken care of.

Of these dragons in the road, I would first consider the increasing political intrusion into accademic affairs in the name of mandate by the electorate and the growth of active politics, as vigorous as the African weed, on our campuses. The so-called popular mandate, like charity, converts a multitude of sins. Purely academic affairs are often caught up in the wheels of government machinery.

In this context we shall do well to recall Prof. Whitehead's comment that a modern University system can be successful only if ultimate authorities exercise singular restraint, remembering that Universities cannot be dealt with according to rules and policies which apply elsewhere.

Like plums in a cake our University bodies are stuffed with half-baked and full-fledged politicians. Even student participants in University administration have political axes to grind. We are told that educational experts like Archibald Cox, Sir Eric Ashby and William James have stood out for student participation. But one wonders if they ever visualised ambititious political fledgelings, disguised as students, ensuring comfortable berths in crucial academic bodies. Perhaps it was for this reason that the Gajendragadkar Commission recommended only nominal representation of students and that, I think, only in the Senate.

Another dragon. Defective policy-making, short-sighted innovations and culpable indifference are also responsible for the sickness in the state of higher education. It is easy to be wise, after the event. But the hallmark of leadership is to be wise before the event. Years ago the special B. Sc. course was introduced. Once a great businessman had a new shop opened at a very colourful function. Two weeks later the shutters were found to be down. A signboard announced "Opened by mistake". The Special B. Sc. too proved to have been opened by mistake. The latest in the series was its introduction of the shift system, the acceptance by persuasive diplomacy and coercive tactics and now its quiet withdrawal. Very often instead of confronting a problem frontally, our University bodies make decisions to dodge tricky issues or to postpone the evil. For quite sometime now has there been a single academic year without continual disruption of education through agitations and strikes, provoked by grievances real or imaginary, resulting from decisions or innovations made, or supposed to have been made by the University or the Government.

Another dragon in the road, which I have already hinted at, is the increasing political regimentation of students, bringing all political bickerings into the campus and weaning the students from their teachers. There was a time when the annual sports meet or College Day was the most memorable event in the academic year. Today the college Union election is the focal centre of campus life, and it has become an extension of national party politics. A poor country like ours, which spends the lion.

share of its income on education, and which is struggling for development needs leadership in many spheres. But for our students, all leadership has come to be identified with political leadership. The vigorous regimentation that is going on new divides the student community into belligerent camps, putting on them political labels. If Gandhiji had been alive today he would have led another non-violent agitation to end this mass. He himself had no political shirt or label, when India became free. In the years preceding the II World war there was a popular song in Europe. The last four lines of the song were:

"The black shirts of Italy are arrogant and vain
The brown shirts of Germany I fear I can't explain
The red shirts of Russia are riding for a fall
So hip-hooray Gandhy, he had no shirt at all"

I wonder if I can live long enough to see a generation of students who like Gandhiji have no political labels, who mind their own business of learning and are deeply but academically interested in current politics.

Yet another development which contributes to the muddle in higher education is the fact that the number of students seeking a University degree is swelling up to astronomical proportions. A University degree is for thoso who can absorb the curriculam. When we go beyond this principle, it is inevitable that we embark on a policy which is fraught with danger, and a fall in standards is to be expected. Of course a landslide in the percentage of passes is scrupulously avoided. Many rotten eggs are hatched every year in the moderation incubater. The prestige of the University has to be saved, so the results are inflated. But, thereby, a large number of misfits are made eligible for the next course. It is a vicious circle.

There is a hydra-headed monster in the road. It is vested interests in the sphere of education. It would appear that balanced progress in this country is held up by all sorts vested interests. There is the commercial interest of some educational agencies who sell admissions and auction appointments. There is, as I have suggested, the interest of the politicians to control education as a a means of patronage. There is the very powerful vested interest of teachers, who like Oliver Twist, ask for more but will not do a little more work, who often resist changes in the syllabus or textbooks. There is the equally or more powerful interest of the students who have resisted internal assessments and other well-intentioned reforms. All these vested interests conspire to drag down the level of education, and political agitation is resorted to protect the vested interests.

My last point. Though not a dragon the U. G. C.'s increasing pre-occupation, with qualifications for teachers is a factor which will paradoxicaly enough unfavourably affect the quality of teaching. In addition to other learned articles on the subject in their columns there was a few years ago a leading article in the Indian Express entitled *Destination Doctorate*, and there was a similar leader in *The Times of India* under the title *Who are the good teachers?* These articles seek to expose the unwisdom of the U. G. C.'s insistence on minimum qualifications which include in addition to a Master's Degree a Ph. D. or M. Phil. According to them the U. G. C. fail to recognise that teaching and research are distinct occupations calling for different temperaments and capabilities. Instead of being fussy about Ph. D. and M. Phil. at the undergraduate law the authori-

ties should consider how teaching standards can be improved, since this is the ultimate objective.

Some of these points are dealt with in a very Illuminating book, not long ago brought out by OUP,- *University Teaching* by Norman K. Henderson. Considering Universities in developing countries Dr. Henderson says that, in spite of social change, the primary duty remains teaching. There is a student-survey in corporated in the book, according to which, a second-class scholar who is a first-class teacher is infinitely better than a first-class scholar who is a second-class teacher. Dr. Henderson devoted 7 out of eight chapters in his book to largely depend discipline and the success of teaching. Discipline depends entirely on the teachers personality, and this personality is not merely a matter of Ph. D.or M. Phil. But the U. G. C. destination is doctorate. Of course, the U. G. C. provides for faculty improvement programmes, seminars, etc. However it is not enough. At least once in two or three years every teacher should be obliged to attend a short course in teaching methods. If number is a problem, a sort of snowball scheme should be devised.

Well, I have finished. There is mud dle in higher education. It is, as it were, the Aegean stables. Will a Hercules cleanse it? Will another knight-in-arms ride up to rid us of the dragons?

(Contd from Page 29)
leaves little room for further clarifications.

One of the above aspects taken alone would provide us with the irreconcilables, but when taken together they emerge reconcilables. Drastic economic reforms, achievement of universal education, fundamental changes in the course–eontent in our schools with greater emphasis on Indian culture are some of the remedies prescribed by most thinkers. Such changes alone can take us to the goal of "strong states and stronger", Centre when implemented perfectly in letter and spirit. India is not merely a union of stat ഇ but a unity. A beautiful painting is something more than mixture of Colours. "Colours are mixed in marble cake, so functions are mixed in the federal system."

(27–ാം പേജിന്റെ തുടർച്ച)
കുട്ടികളും പെൺകുട്ടികളും തമ്മിൽ ആരോഗ്യകരമായ ബന്ധം വളർത്തിയെടുക്കുന്നതിനും ഇന്നു നിലനില്ക്കുന്ന പല തെറ്റിദ്ധാരണകളും മാറ്റുന്നതിനും സഹവിദ്യാഭ്യാസം സഹായിക്കും. തന്നെയുമല്ല, ഭാവിയിൽ ഒരുമിച്ചു കഴിയേണ്ട അവർക്ക് പരസ്പരം അടുത്തറിയുന്നതിനും, നന്നായി പെരുമാറാൻ പഠിക്കുന്നതിനും ഒരു പരിശീലനംകൂടിയാവും സഹവിദ്യാഭ്യാസം.''

ഈ ചർച്ചകളുടെ വെളിച്ചത്തിൽ ഏതാനും കാര്യങ്ങളാം നാം ചിന്തിക്കുന്നതു് ഉചിതമായിരിക്കും:

(i) അശ്ലീലച്ചുവയുള്ള കമന്റടികളും ഒഴിവാക്കുക.


(ii) പെൺകുട്ടികളോടു് മാന്യമായി പെരുമാറാൻ പഠിക്കുക. അതു നമ്മുടെ വ്യക്തിത്വവികാസത്തെസഹായിക്കും.

(iii) പെൺകുട്ടികളും ആൺകുട്ടികളും പരസ്പരം അംഗീകരിക്കുന്നതിനും ബഹുമാനിക്കുന്നതിനും തയ്യാറാകുക. സാംസ്കാരികവും മാനസികവുമായ പക്വതയ്ക്കു് അതു് അത്യാവശ്യമാണു്.

(iv) പെൺകുട്ടികളെ കാമുകിമാരായി കാണുവാൻ താല്പര്യപ്പെടുന്നതിനു മുമ്പു് സ്വന്തം സഹോദരിമാരായി കാണാൻ ശ്രമിക്കുക.

(v) പ്രവർത്തനം ക്രിയാത്മകമാക്കി, രാഷ്ട്രനിർമ്മാണത്തിനുതകുന്ന രാഷ്ട്രീയപ്രവർത്തനങ്ങൾക്കു് മുൻഗണന നൽകുക. ○

കവിത



ഹൃദയം തേങ്ങുന്നു ദീനമായിന്നിതാ
ഉദയംകാണാനായ് വെമ്പുന്നു ഞാൻ.
നേത്രങ്ങളം ദൂരമേപോയെന്നെന്നേക്കുമേ—
നീറുന്നെന്നകതാരീ വേദനയാൽ.
വിണ്ണൊപ്പമെത്തീടുന്നോരെന്റെ ചിന്തകം—
ക്കണ്ണാടികംപോലെ തകർന്നുപോയി.
ഇരുളടഞ്ഞുള്ളിലെപ്പൊൻ വസന്തമെന്നും—
ചിറകറുപോയൊരെൻ മോഹഖണ്ഡംഗം.
പ്രകാശരശ്മികം വന്നിരുന്നെങ്കിൽ ഞാൻ
പ്രഭാമയനായിയൊന്നു പാറിയേനേ.
കദനത്തിനേറെതാം കൂടിതിൽ ഞാനൊരു
കണ്ണീരിൻ പർണ്ണശാല തീർത്തല്ലോ
കരകാണാക്കടലിലലഞ്ഞൊഴുകിപ്പോകും
കളിവഞ്ചിയാണെന്റെ ജീവിതമേ.
വേടന്റെ ശരമേറ്റു പിടഞ്ഞുവീഴുന്ന—
വേഴാമ്പലാണൊരെൻ ജീവിതമേ.
ഹാ? ഹന്ത! പാരിനെക്കാണാനായ്കേഴുന്നു
ദാഹിച്ചിടുന്നു ഞാൻ ദീനംദീനം.
വയ്യ! ക്ഷണനേരം ജീവിക്കാനീഭൂവിൽ—
വയ്യ! വിടരുക മാലോകരേ....

"ഞാൻ എന്റെ ദുഃഖം"

രഞ്ജിഷ് ബി. I P.D.C.

ലുഫ്ത്താൻസയ്ക്ക് ലീഡ്

സഹൃദയ ഹോസ്റ്റലിലെ '85–'86 വർഷത്തെ ഇൻറർ ഹൗസ് മത്സരങ്ങളുടെ ഒന്നാം ഘട്ടം പൂർത്തിയായപ്പോൾ 40 പോയിൻറുകൾ നേടി ശ്രീ. സെബാസ്റ്റ്യൻ കെ. വി. നയിക്കുന്ന 'ലുഫ്ത്താൻസ' മുന്നിട്ടുനില്ക്കുകയാണ്. 25 പോയിൻറുകൾ നേടിയ 'എയിറോഫ്ളോട്ട്' രണ്ടാം സ്ഥാനം കരസ്ഥമാക്കിയപ്പോൾ, 15 പോയിൻറുകൾ നേടിയ 'എയർ ഇന്ത്യ' മൂന്നാം സ്ഥാനത്തും 10 പോയിൻറുകൾ നേടിയ 'പാൻ ആം' നാലാം സ്ഥാനത്തും എത്തി. ഇക്കൊല്ലത്തെ മത്സരങ്ങൾ മൂന്നു ഘട്ടങ്ങളായാണ് നടക്കുക. ജനുവരി അവസാനവാരത്തോടുകൂടി മത്സരത്തിൻറെ രണ്ടാം ഘട്ടത്തിൽ വിവിധ കലാമത്സരങ്ങളും, ഫെബ്രുവരി രണ്ടാം വാരത്തോടുകൂടി അവസാന ഘട്ടത്തിൽ അത്ലറിക്സ് മീറ്റും നടക്കും. ഗെയിംസ് വിഭാഗത്തിൽ ഉദ്ദേശിച്ച വ്യത്യാസത്തോടെ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ 'ലുഫ്ത്താൻസ'യ്ക്ക് അത്ലറിക്സ് മീറ്റിലും വൻ പ്രതീക്ഷകളാണുള്ളത്.

ഇതുവരെ പൂർത്തിയായ വിവിധ മത്സരങ്ങളെക്കുറിച്ചുള്ള 'സഹൃദയൻ' സ്പോർട്സ് ലേഖകൻറെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

വോളിബോൾ

ലുഫ്ത്താൻസയും എയിറോ ഫ്ളോട്ടും തമ്മിൽ നടന്ന ആദ്യസെമിയിൽ ലുഫ്ത്താൻസ അനായാസവിജയം കരസ്ഥമാക്കി. ഏതാണ്ട് ഏകപക്ഷീയമെന്നു വിശേഷിപ്പിക്കാവുന്ന മത്സരത്തിൽ എയിറോഫ്ളോട്ടിൽനിന്നും കാര്യമായ ചെറുത്തുനിൽപ്പൊന്നും ഉണ്ടായില്ല.
സ്കോർ– 15–8, 15–1

പാൻആം ഉം എയർ ഇൻഡ്യയും തമ്മിൽ നടന്ന രണ്ടാം സെമിയിൽ തുടർച്ചയായ രണ്ടു സെറ്റുകൾ നേടി പാൻ ആം വിജയിച്ചു. രണ്ടാം സെമിയും വാശിയും വീറും ലേശവും ഇല്ലാത്തതായിരുന്നു.

ലുഫ്ത്താൻസയും പാൻ ആം ഉം തമ്മിൽ നടന്ന ഫൈനൽ മത്സരം ആദ്യന്തം ഉദ്വേഗജനകമായിരുന്നു. ആദ്യം നടന്ന മത്സരത്തിൽ ഇരു ടീമുകളും ഈരണ്ടു സെറ്റുകൾ നേടി. അവസാനം സെറ്റിൽ പാൻആം കാര്യമായ ലീഡു നേടി നിൽക്കവേ വെളിച്ചക്കുറവുകാരണം കളി ഉപേക്ഷിക്കേണ്ടിവന്നു. ആദ്യമത്സരത്തേക്കാളേറെ വീറും വാശിയും കണ്ട രണ്ടാം മത്സരം തികച്ചും നിലവാരമുള്ളതായിരുന്നു. അഞ്ചു സെറ്റുകൾ വരെ നീണ്ട വാശിയേറിയ മത്സരത്തിൽ ശ്രീ സെബാസ്റ്റ്യൻ കെ. വി. യുടെ നേതൃത്വത്തിലിറങ്ങിയ 'ലുഫ്ത്താൻസ' വിജയം കണ്ടു.
സ്കോർ– 15–12, 11–15, 15–10, 12–15, 15–7.

ഫുട്ബോൾ

എയിറോഫ്ളോട്ടും ലുഫ്ത്താൻസയും തമ്മിൽ നടന്ന ആദ്യസെമിയിൽ കരുത്തനായ സെൻറർ ഫോർവേഡ് മൈക്കിലൂടെ നേടിയ ഒരൊറ്റ ഗോളിലൂടെ എയിറോ ഫ്ളോട്ട് വിജയം കണ്ടു.

എയർ ഇന്ത്യയും പാൻ ആമും തമ്മിൽ നടന്ന രണ്ടാം സെമിയിൽ എയർ ഇന്ത്യ ടൈബ്രേക്കറിലൂടെ വിജയംവരിച്ചു.

എയർ ഇന്ത്യയും എയിറോഫ്ളോട്ടും തമ്മിൽ നടന്ന ഫൈനലിൽ ആദ്യന്തം ഉദ്വേഗജനകമായിരുന്നു. കളിയുടെ ആദ്യപകുതിയിൽ എയിറോഫ്ളോട്ടിൻറെ പടക്കുതിര മാത്യു ജിയോ നേടിയ ഏക ഗോളിലൂടെ എയിറോഫ്ളോട്ട് ചാമ്പ്യനായി. കളിയുടെ അവസാനനിമിഷം വരെ ഗോളടിക്കാൻ എയർ ഇന്ത്യ കിണഞ്ഞു ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല.

ക്രിക്കറ്റ്

ലുഫ്ത്താൻസക്കെതിരെ നടന്ന ആദ്യസെമിയിൽ എയർഇന്ത്യ 8 വിക്കറ്റിനു വിജയിച്ചു. ആദ്യം ബാറ്റുചെയ്ത ലുഫ്ത്താൻസ 17.3 ഓവറിൽ 47 റൺസിനു് എല്ലാവരും പുറത്തായി. തുടർന്നു ജയിക്കുവാൻ വേണ്ട 48 റൺസ് എയർ ഇന്ത്യ അനായാസം കരസ്ഥമാക്കി.

പാൻആമും എയിറോഫ്ളോട്ടും തമ്മിൽ നടന്ന തികച്ചും വാശിയേറിയ രണ്ടാം മത്സരത്തിൽ വെറും രണ്ടു റൺസിനു് പാൻ ആം വിജയം

കരസ്ഥമാക്കി. ആദ്യം ബാറ്റുചെയ്ത പാൻആം 20 ഓവറും ബാറ്റുചെയ്ത് 68 റൺസ് നേടി. തുടർന്ന് ബാറ്റിംഗിനിറങ്ങിയ എയിറോഫ്ളോട്ടിന് തുടക്കത്തിൽത്തന്നെ പ്രഹരമേറ്റു. സ്കോർബോർഡ് തുറക്കുന്നതിനു മുമ്പ് അപകടകാരിയായ ഹരികുമാറിന്റെ വിക്കറ്റ് തെറിപ്പിച്ചുകൊണ്ട് ലോറൻസ് നല്ല തുടക്കംകുറിച്ചു. എന്നാൽ തികഞ്ഞ ആത്മവിശ്വാസത്തിൽ ക്ഷമയോടെ ബാറ്റ്ചെയ്ത മാത്യൂജിയോ തന്റെ ടീമിനെ ലക്ഷ്യത്തിലെത്തിക്കുന്നതിനിടയിൽ വിജയം കൺമുൻപിൽനിൽക്കെ നിർഭാഗ്യകരമായി റൺ ഔട്ടായി. അവസാന വിക്കറ്റ് കൂട്ടുകെട്ടിൽ.

പ്രതീക്ഷ ഉണർത്തിയെങ്കിലും മൂന്നു പന്തുകൾക്കുള്ളിൽ ഏറിയാനിരിക്കെ 66 റൺസിനു് എല്ലാവരും പുറത്തായി.

'എയർ ഇന്ത്യയും' 'പാൻആമും' തമ്മിൽ നടന്ന ഫൈനൽ തികച്ചും ഏകപക്ഷീയമായിരുന്നു. ആദ്യം ബാറ്റുചെയ്ത എയർ ഇന്ത്യ 20 ഓവറിൽ 5 വിക്കറ്റിനു് 86 റൺസെടുത്തു. എയർ ഇന്ത്യയ്ക്കുവേണ്ടി ഉജ്ജ്വലമായി ബാറ്റ്ചെയ്ത ഓപ്പണർ മോൻസി 38 റൺസെടുത്തു പുറത്താകാതെനിന്നു. തുടർന്ന് ബാറ്റുചെയ്യാനിറങ്ങിയ 'പാൻആമിന്റെ' ബാറ്റിംഗ് നിരയെ എയർ ഇന്ത്യയുടെ ഓപ്പണിംഗ് ബൗളർമാരായ രഞ്ജി ജോജ്ജും ഷാജി വർഗ്ഗീസും തകർത്തെറിഞ്ഞു. വെറും 8 റൺസിനു് എല്ലാവരും പുറത്തായി. എയർ ഇന്ത്യയ്ക്കുവേണ്ടി ക്യാപ്റ്റൻ ഷാജി വർഗ്ഗീസ് ഒരു ഹാട്രിക്കോടെ 3 വിക്കറ്റും രഞ്ജി ഹാട്രിക്കോടെ 5 വിക്കറ്റും നേടി.

ബാസ്ക്കറ്റ്ബോൾ

ആദ്യസെമിയിൽ 38–18 എന്ന സ്കോറിനു് 'പാൻആം' നെ പരാജയപ്പെടുത്തിക്കൊണ്ടു് ലുഫ്ത്താൻസ സെമിയിൽ കടന്നു. പാൻആമിനുവേണ്ടി രാജൻ എൻ. കെ. 10 പോയിന്റും, ലുഫ്ത്താൻസയ്ക്കുവേണ്ടി സജി ജോസഫ് മികച്ച പ്രകടനം കാഴ്ചവച്ചു.

എയർ ഇന്ത്യയും എയിറോഫ്ളോട്ടും തമ്മിൽ നടന്ന രണ്ടാം സെമിയിൽ 48–14 എന്ന സ്കോറിനു് എയർ ഇന്ത്യയെ തറപറ്റിച്ചുകൊണ്ട് എയിറോഫ്ളോട്ട് ഫൈനലിൽ കടന്നു. എയിറോഫ്ളോട്ടിനുവേണ്ടി മൈക്കിയും നേടി മികച്ചുനിന്നു.

ആദ്യന്തം വാശിയേറിയ ഫൈനൽ മത്സരത്തിൽ 22–17 എന്ന സ്കോറിനു് ലുഫ്ത്താൻസാ എയിറോഫ്ളോട്ടിനെ തോല്പിച്ചുകൊണ്ട് ചാമ്പ്യന്മാരായി.

ബോൾ ബാറ്റ്മിന്റൻ

എയർ ഇന്ത്യയെ ആദ്യസെമിയിൽ എയിറോഫ്ളോട്ട് 29–20, 29–28 എന്ന സ്കോറിനു് പരാജയപ്പെടുത്തി സെമിയിൽ കടന്നു. രണ്ടാം സെറ്റിൽ ഒരു സമയത്തു് 28–18 നു് പിന്നിൽ നിന്ന എയിറോഫ്ളോട്ട് മാത്യൂജിയോയുടെ മികച്ച പ്രകടനത്തിലൂടെ വമ്പിച്ച തിരിച്ചുവരവും നടത്തി സെറ്റ് നേടിയെടുത്തു.

രണ്ടാം സെമിയിൽ 'പാൻആം' നെ 29–21, 23–29, 29–22 എന്ന സ്കോറിനു് തോല്പിച്ചുകൊണ്ട് ലുഫ്ത്താൻസ ഫൈനലിൽ പ്രവേശിച്ചു.

ഫൈനലിൽ എയിറോഫ്ളോട്ടിനെ 29–20, 29–15 എന്ന സ്കോറിനു് തകർത്തുകൊണ്ട് ലുഫ്ത്താൻസ ചാമ്പ്യന്മാരായി. ലുഫ്ത്താൻസയ്ക്കുവേണ്ടിയിറങ്ങിയ തോമസ് വി. റ്റി. രണ്ടു മത്സരങ്ങളിലും മികച്ച പ്രകടനം കാഴ്ചവച്ചു.

ഷട്ടിൽ

ആദ്യമത്സരത്തിൽ എയർ ഇന്ത്യയെ തകർത്തുകൊണ്ട് ലുഫ്ത്താൻസ ഫൈനലിൽ കടന്നു. സ്കോർ– 15–6, 15–8.

രണ്ടാം സെമിയിൽ 'പാൻ ആം' നെ 15–11, 12–15, 15–9 എന്ന സ്കോറിനു് തോല്പിച്ചുകൊണ്ട് ലുഫ്ത്താൻസ ഫൈനലിൽ കടന്നു.

ഫൈനലിൽ എയിറോഫ്ളോട്ടിനെ 15–7, 12–15, 15–2 എന്ന സ്കോറിനു് തകർത്തുകൊണ്ട് ലുഫ്ത്താൻസ ചാമ്പ്യന്മാരായി.

സെൻറ് ജോസഫ്സിനു് വിജയം

സഹൃദയയും സെൻറ് ജോസഫ് ഹോസ്റ്റലും തമ്മിൽ നടന്ന വോളിബോൾ മത്സരത്തിൽ രണ്ടിനെതിരെ മൂന്നു സെറ്റുകൾക്ക് സെൻറ് ജോസഫ്സ് വിജയംവരിച്ചു. കളിയിലുടനീളം സെൻറ് ജോസഫ്സ് ആധിപത്യം പുലർത്തി.

ക്രിസ്തുമസ് ആഘോഷം

സഹൃദയ ഹോസ്റ്റലിലെ ഈ വർഷത്തെ ക്രിസ്തുമസ് ദിനാഘോഷം 7–12–85 ശനിയാഴ്ച, വൈകു

കുസൃതിയുടെയും സഹോദര്യത്തിന്റെയും അന്തരീക്ഷം നിറഞ്ഞുനിന്ന സഹൃദയ ഓഡിറ്റോറിയത്തിൽവച്ച് അത്യുഗ്രമായ തിമർപ്പോടെ കൊണ്ടാടി. സന്ദർഭം മനസ്സിലാക്കാതെ അപ്രതീക്ഷിതമായി എത്തിയ മഴ ആഘോഷങ്ങളെ അലങ്കോലപ്പെടുത്തുവാൻ ശ്രമിച്ചെങ്കിലും സഹൃദയ ആഡിറ്റോറിയത്തിൽ നിറഞ്ഞുതുളുമ്പിനിന്ന അത്യാഹ്ലാദത്തിന്റെ അന്തരീക്ഷത്തെ അതു ഒരുതരത്തിലും ബാധിച്ചില്ല. റവ. ഫാ. ഐസക്ക് ആലഞ്ചേരി സഹൃദയക്കായി നൽകിയ ക്രിസ്മസ് സന്ദേശമായിരുന്നു ചടങ്ങിലെ മുഖ്യ ഇനം. പ്രകൃതിക്ഷോഭങ്ങളാലും, മാനുഷികകലാപങ്ങളാലും, അക്രമങ്ങളാലും, മലിനീകരണത്താലും മുഖരിതമായിരിക്കുന്ന ഇന്നത്തെ ലോകസ്ഥിതിയിൽ ലോകൈകരക്ഷകനായി ക്രിസ്മസ് നാളിൽ ഈ മന്നിൽ പിറന്നവീണ ക്രിസ്തുദേവന്റെ സ്നേഹസന്ദേശവും മാതൃകയും ഏറെ പ്രസക്തമാണെന്നു ഫാ. ആലഞ്ചേരി അനുസ്മരിച്ചു. ഇന്നത്തെ ഈ പ്രത്യേക സാഹചര്യത്തിൽ ക്രിസ്തുദേവന്റെ സ്നേഹസന്ദേശം പെയിക്കൊള്ളുകയാണു് മാനവസമൂഹത്തിന്റെ രക്ഷയുടെ കൈവഴി—അദ്ദേഹം വ്യക്തമാക്കി.

തുടർന്ന ക്രിസ്മസ് സന്ദേശവും സമ്മാനങ്ങളുമായി വന്നെത്തിയ ക്രിസ്മസ് പാപ്പ താൻകൂടെ കൊണ്ടുവന്ന 'ആഡം' എന്ന റോബോട്ടിന്റെ സഹായത്തോടെ സഹൃദയക്ക് സന്ദേശം നല്കി.

ഈ വർഷത്തെ ആഘോഷത്തിലെ എടുത്തുപറയത്തക്ക മറ്റൊരിനം ഫസ്റ്റ് ഇയർ ഡിഗ്രി വിദ്യാർത്ഥികളുടെ വർണ്ണപ്പൊലിമയാർന്ന രംഗാലങ്കാരങ്ങളായിരുന്നു. കണ്ണിനു കുളിർമ്മ പകർന്ന വർണ്ണോജ്ജ്വലമായ അലങ്കാരങ്ങളാൽ സഹൃദയ ഓഡിറ്റോറിയം പുളകംകൊണ്ടു.

ചാരിറ്റി ഡേ

സമൂഹത്തിൽ സാമ്പത്തികമായി അവശത അനുഭവിക്കുന്നവരുടെ സഹായിക്കുവാനായി എല്ലാ വർഷവും ധനശേഖരണാർത്ഥം നടത്തിവരുള്ള ചാരിറ്റി ഡേ ഇക്കഴിഞ്ഞ നവംബറിൽ നടത്തപ്പെട്ടു. പരിപാടികളുടെ ഉദ്ഘാടനംചെയ്തതു പുതിയ മുഖ്യമന്ത്രി ശ്രീ ബിജു വർഗ്ഗീസ്, വിദ്യാർത്ഥികളും അവർ വസിക്കുന്ന സമൂഹത്തിന്റെ വളർച്ചയായ വശങ്ങളെക്കുറിച്ചു് കൂടുതൽ ബോധവാന്മാരാവേണ്ടതിന്റെ ആവശ്യകത എടുത്തുപറഞ്ഞു.

ഈ വർഷത്തെ പരിപാടികളും വൻപിച്ച വിജയമായിരുന്നുവെന്നു് സംഘാടകസമിതിയുടെ അദ്ധ്യക്ഷൻകൂടിയായ ഉപമുഖ്യമന്ത്രി ശ്രീ ജോയിസ് ജോൺ അവകാശപ്പെട്ടു. മൊത്തം 6250 രൂപ സമാഹരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. പരിപാടികളിൽ ഏറ്റവും കൂടുതൽ കൂപ്പണുകൾ സമാഹരിക്കുന്നതിനുള്ള ഒന്നാം സമ്മാനം രണ്ടാം വർഷ ഡിഗ്രി വിദ്യാർത്ഥികളും രണ്ടാം സമ്മാനം രണ്ടാം വർഷ പ്രീ ഡിഗ്രി വിദ്യാർത്ഥികളും കരസ്ഥമാക്കി.

'എയർ ഇന്ത്യയ്ക്ക്' ചാമ്പ്യൻഷിപ്പ്

ഈ വർഷത്തെ ഹോസ്റ്റൽ കായിക മത്സരങ്ങളിൽ ശ്രീ ഷാജി വർഗീസിന്റെ നേതൃത്വത്തിലുള്ള 'എയർ ഇന്ത്യ' ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ആദ്യം പൂർത്തിയായ ഗേംസ് വിഭാഗത്തിൽ 15 പോയിന്റുകളോടെ മുന്നാം സ്ഥാനംകൊണ്ടു തൃപ്തിപ്പെടേണ്ടിവന്ന 'എയർ ഇന്ത്യ' ഫെബ്രു. 1—ാം തീയതി നടന്ന സ്പോർട്സ് മീറ്റിൽ ഉജ്ജ്വലമായ പ്രകടനമാണു് കാഴ്ചവച്ചതു്. മീറ്റിന്റെ ഏതാണ്ടു് എല്ലാ ഇനങ്ങളിലും എയർ ഇന്ത്യ താരങ്ങൾ മിന്നിത്തിളങ്ങി. ജാവലിൻ—സീനിയർ ഇനത്തിലെ മുന്നു സ്ഥാനങ്ങളും എയർ ഇന്ത്യ കരസ്ഥമാക്കി. 4×100, 4×100 റിലേ എന്നീ ഇനങ്ങളിലും എയർ ഇന്ത്യ മികച്ച പ്രകടനം കാഴ്ചവച്ചു.

പങ്കെടുത്ത നാലു് വ്യക്തിഗത ഇനങ്ങളിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയ എയർ ഇന്ത്യയുടെ സാജു ജോൺ ജൂണിയർ ചാമ്പ്യനായപ്പോൾ, പങ്കെടുത്ത മൂന്നു വ്യക്തിഗത ഇനങ്ങളിൽ രണ്ടു ഫസ്റ്റും ഒരു സെക്കൻഡും കരസ്ഥമാക്കിയ 'പാൻ ആം' ന്റെ ലോറൻസ് നെറോ സീനിയർ ചാമ്പ്യനായി.

'എയിറോഫ്ലോട്ടി'ന്റെ അജിത് എബ്രഹാം, ജിബി ജെയിംസ്, എന്നിവരും, ലുഫ്താൻസയുടെ സജി ഡോമിനിക്, നവാസ് എന്നിവരും 'പാൻ ആം' ന്റെ ബെന്നി, എയർ ഇന്ത്യയുടെ രഞ്ജീ ജോർജ്ജ് എന്നിവരും മികച്ച പ്രകടനം കാഴ്ചവച്ചു

കായികരംഗത്തെ മത്സരങ്ങൾ പൂർത്തിയായപ്പോൾ വിവിധ ഹൗസുകളുടെ പോയിന്റുനില ഇപ്രകാരമാണു്.

എയർ ഇന്ത്യ —104
ലുഫ്താൻസ —102
എയിറോഫ്ലോട്ട് — 86
പാൻ ആം — 60

സ്പോർട്സ് മീറ്റിനു് തുടക്കം കുറിച്ചുകൊണ്ടു് രാവിലെ നടന്ന വർണ്ണശബളമായ മാർച്ചുപാസ്റ്റിൽ എസ്. ബി. കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോർജ്ജ് എത്തിപ്പറമ്പിൽ സല്യൂട്ട് സ്വീകരിച്ചു. മാർച്ചുപാസ്റ്റിനുശേഷം ഗേംസ് സെക്രട്ടറി ശ്രീ വർഗ്ഗീസ് പി. ഉമ്മൻ ക്യാപ്റ്റന്മാർക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. മാർച്ചുപാസ്റ്റിൽ എയിറോഫ്ലോട്ട് ഒന്നാം സ്ഥാനവും, എയർ ഇന്ത്യയും 'പാൻ ആം' ഉം രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

ജാതി

ദീപക് ജോൺ മാത്യു
I P. D. C.

ചോതിക്ക് ഒരു ജാതിയുണ്ട്. കാത്തക്കും ഒരു ജാതിയുണ്ട്. കാത്തയും ചോതിയും നല്ല അയൽക്കാരും. ഇരുവരുടെയും ജാതി വളർന്നു. ജാതി വലുതായി. ജാതി പുത്തു.

"കാത്തേ നിന്റെ ജാതി പുത്തോടീ?"

ചോതിക്ക് ജിജ്ഞാസ.

"പുത്തു നിന്റെയോ?!"

"പുത്തു"

ആ നല്ല അയൽക്കാരുടെ സംതോഷണം അവസാനിച്ചു.

കാലം അതിന്റെ ചക്രം ഇടതടവില്ലാതെ കറക്കി. ഫലമെന്തു"? ജാതിക്കാ ആയിട്ട് അവരുടെ ആശ വളർന്നു.

രാത്രിയിൽ കാത്തയ്ക്ക് വയറുവേദന, അവനവന്റെ ജാതിക്കാ പറിക്കാനും ഒരു മടി. ചോതിയുടെ ജാതിക്ക കാത്തയുടെ വയറുവേദന അകറ്റി പിന്നെയും വയറുവേദന വന്നുകൊണ്ടിരുന്നു. ചോതിയുടെ ജാതിക്കതന്നെ നല്ല മരുന്നു".

ചോതിക്ക് മനസ്സിൽ വേദന 'കാത്തയുടെ ജാതിക്ക കറയുന്നില്ല പക്ഷേ എന്റെ ജാതിക്കാ എങ്ങിനെ കറയുന്നു?'

ചോതി കാത്തയെ കണ്ടു കാത്തയുടെ വീട്ടുനിറയെ ജാതിക്കാതൈകളാണ്.

അവർ ചീത്ത അയല്ക്കാരായി.

പിന്നെയും ചോതിയുടെ ജാതിക്ക കറഞ്ഞു.

പോലീസ് എത്തി മഹസ്സർ എഴുതി ചോതിയുടെയും കാത്തയുടെയും ജാതിക്ക പോലീസിന്റെ വയറുവേദന കൂടി.

കേസ് കോടതിയിൽ എത്തി.

വക്കീലന്മാർക്കും ജഡ്ജിമാർക്കും കോള്!! ഇരുജാതിയിലെയും ജാതിക്ക ഒഴുക്കു തുടങ്ങി.

ചക്രം തിരിക്കുന്നു ആരും ചക്രം തിരിച്ചു.

ജാതിക്ക ചുവപ്പുനാടയിൽ കുടുങ്ങിക്കിടന്നു. അവസാനം കേസിനു വിധി വന്നു.

"കാത്ത ചോതിയുടെ ജാതിക്കാ മോഷ്ടിച്ചുവെങ്കിൽ ചോതി കാത്തയുടെയും മോഷ്ടിക്കുക".

ചോതി മോഷ്ടിക്കുവാൻ ചെന്നപ്പോഴാ കാത്തയുടെ ജാതിയിൽ ജാതിക്ക ഒന്നുംതന്നെ ഇല്ല ചോതിയുടെ വീട്ടിലും. ആ സ്ഥിതി ആവർത്തിച്ചു. പക്ഷേ!! ജാതിയില്ലാത്ത ജഡ്ജിയുടെ വീട്ടിൽ ഇപ്പോഴും ജാതിക്കയുണ്ട് ഉള്ള

പാവമായിരുന്നു....

സുരേഷ് ആർ. I D. C.

വയ്യാ! മറക്കുവാൻ ആ ഓർമ്മകളും
ഒരു ദുഃഖസ്വപ്നമായ് തെളിയുന്നു മുൻപിൽ
കഴിഞ്ഞ അദ്ധ്യായമായിക്കൊഴിഞ്ഞവ
ഒരുപുതിയ അദ്ധ്യായമായി വിടരുന്നു.

എന്തുചെയ്യും? ഞാനൊരു ഭീരുവായ് മാറിയോ?
അല്ലാ! ഞാനൊരു ധീരനായ്ത്തീരണോ
എൻ പ്രിയസഖീ നിൻ ഓർമ്മകളും
എന്നെ വെറും ജലരേഖയായ് മാറ്റുന്നു.

പഴങ്കഥകളും അയവിറക്കി നിന്നോമന വദനവുമായി
ഇങ്ങടുത്തെക്കെഴിയുന്നു ഞാൻ
എന്തു ക്രൂരമായ് നീ എൻ ഹൃദയം തകർത്തു അല്ലേ
എൻ ജീവിതം.

എൻ സ്നേഹം നീ അറിഞ്ഞില്ലാ
വെറും ദോഷനായ് നിനച്ചു നീ എന്നെ
നിനക്കായ് ജനിച്ചു നിനക്കായ് ജീവിച്ചു
എന്നെ വെറുമൊരു തൃണമായ്ക്കരുതി നീ.

നശിക്കുന്നു ഞാൻ നിന്നോർമ്മകളുമായ്
ഓരോ നിമിഷവും നിന്നോർമ്മകളുമായ്ക്കഴിഞ്ഞു
ഞാനിതാ മരണത്തിൻ പിടിയിലമരുന്നു.

പുഞ്ചിരി തൂകും നിന്നുടെ വദനത്തിനും
നിഷ്കളങ്കമാം നിന്നുടെ സ്നേഹത്തിനും
മാത്രമേ ഇനിയൊരു രക്ഷയെനിക്കേകുവാൻ
കഴിയൂ എന്നുടെ പ്രിയസഖീ.

ഉരിയാടുസഖീ അവസാനമായെങ്കിലും
നീ എന്നെ സ്നേഹിക്കുന്നു അല്ലേ,
സ്നേഹിച്ചിരുന്നു എന്നും.

കാതോർത്തിരിക്കും ഞാൻ നിൻ വിളിക്കായ്
എൻ അവസാനംവരെ
നിൻ അധരത്തിൽ നിന്നുയരും
സ്നേഹഗാനം കേൾക്കുംവരെ.

അവസാനമായ് നീ പശ്ചാത്തപിക്കും
അന്നു നീ ഈ പാപത്തെക്കുറിച്ചോർക്കും
അന്നു നിന്നധരത്തിൽ നിന്നറിയാതെ നീ ഉരുവിടും..
.....പാവമായിരുന്ന എന്നെ സ്നേഹിച്ചിരുന്നു.

"ജീവിതവൃത്തി"

ജോസി ജോസഫ് I P. D. C.

വയലോലങ്ങളിൽ പൂക്കളം വിടർന്നുദിക്കുമ്പോഴും,
നശ്വര സൗന്ദര്യം തേടിയെത്തും പൂമ്പാറ്റകളും.
ആസ്വദിച്ചാസ്വദിച്ചാ സൗന്ദര്യമേറ്റു കഴിയുമ്പോഴും
മറ്റൊരു പൂവിൻ പിന്നാലെയെത്തും പൂമ്പാറ്റകളും.


മാനത്തു കുരുവികളും നൃത്തമിടുമ്പോഴും
നശ്വരമായൊരാഗ്രഹത്തിൻ പിന്നാലെ
തേടിയലയുന്നു മർത്യഗണങ്ങളും
നിത്യവും തേടിയകലുന്നു മർത്യൻ. തൻ

ചിന്തയിലൊടുങ്ങാത്ത സ്വപ്നങ്ങളുമായ് -
ഈ പാരിടത്തിലനേകർ വിശന്നു മരിക്കുമ്പോഴും
മറ്റൊരിടത്തനേകർ സുഖസുഷുപ്തിയിൽ ലയിക്കുന്നു.
ജീവിതമെന്തിനോ വേണ്ടിയുഴിഞ്ഞു വച്ചിട്ടു

ചിലരിമാനവർ പാരിൻനിറം രക്തമയമാക്കി,
തങ്ങളിൽ വാചാലമായിട്ടുള്ളവർക്കിവിടെ
ലഭിക്കുന്നു, നേതൃസ്ഥാനവുമനുയായികളും.
മറ്റുള്ളവരുടെമേൽ പിഴ ചാരുന്നവര -

വർക്കെന്തു പിഴച്ചുവെന്നറിയുന്നില്ല.
നശ്വരമായൊരു സമ്പാദ്യത്തിനുവേണ്ടി
മാനവർ തമ്മിൽ രക്തം ചൊരിയുമ്പോഴും
ഒരിറ്റു സൗഹൃദവും സമാധാനവും

കാംക്ഷിക്കുന്നി മറ്റൊരു മാനവർക്കി -
പാരിടത്തിലെന്തു സ്ഥാനം



With best compliments from

Kerala Surgicals

JETTY ROAD, KOTTAYAM

With best compliments from

Vaniapurackal Jewellers

KAVALA, CHANGANACHERRY

Phone: Office 20403 □ Res. 20803

With best compliments from

New India Finances

VATTAPPALLY, CHANGANACHERRY

Phone: 21272

With best compliments from

REGAL BAKERY & RESTAURANT

MUNICIPAL JUNCTION, CHANGANACHERRY

Bakers & Caterers

സാഹിത്യകാരന്മാരുടെ
യഥാർത്ഥപേരും തൂലികാനാമവും

അക്കിത്തം	—	അച്യുതൻ നമ്പൂതിരി
അയ്യനേത്തു്	—	എം. പി. പത്രോസു്
ഇടമറുകു്	—	ടി. സി. ജോസഫു്
ഇന്ദുചൂഡൻ	—	കെ. കെ. നീലകണ്ഠൻ
ഉറൂബു്	—	പി. സി. കുട്ടികൃഷ്ണൻ
ഒളപ്പമണ്ണ	—	സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടു്
എൻ. എൻ. കക്കാടു്	—	കെ. നാരായണൻ നമ്പൂതിരി
കാക്കനാടൻ	—	ജോർജ്ജു് വർഗീസു്
ഓ. എൻ. വി.	—	ഒ. എൻ. വേലുക്കുറുപ്പു്
കോവിലൻ	—	വി. വി. അയ്യപ്പൻ
തിക്കോടിയൻ	—	പി. കുഞ്ഞനന്തൻ നായർ
തുളസി	—	എൻ. തുളസീദാസു്
നന്തനാർ	—	പി. സി. ഗോപാലൻ
പവനൻ	—	പി. വി. നാരായണൻ നായർ
പാറപ്പുറത്തു്	—	കെ. ഇ. മത്തായി
മാധവിക്കുട്ടി	—	കമലാദാസു്
വിലാസിനി	—	എം. കെ. മേനോൻ
സുകുമാർ	—	എസു്. സുകുമാരൻ പോറ്റി
പോഞ്ഞിക്കര റാഫി	—	ജോസഫു് റാഫി

With
best compliments
from

TRADE INDIA FINANCIERS

VATTAPPALLY

CHANGANACHERRY